# വ്യാപാരകേരളം

സമ്പൂർണ്ണ മാസികയും വാർത്താപത്രികയും

ലക്കം 11 പേജുകൾ 21 ഫെബ്രുവരി 2020



■പരസ്യവിപണി

■റിഥം ഓഫ് ലൈഫ്

■ലണ്ടൻ കാഴ്ചകൾ

■എഴുത്തും കുത്തും

മുഖച്ചിത്രം: എവിടെ കിട്ടും നിഷ്കാസിതർക്ക് നീതി?

# എഡിറ്റേഴ്സ് പേജ്



നിഷ്കാസിതരും നിഷ്കാസനത്തിന്റെ വാൾമുനയിൽ തങ്ങളുടെ ഊഴം കാക്കുന്നവരും ഇന്ന് ഭീതിയിലാണ്. ഒരു വലിയ വിഭാഗം രാജ്യമില്ലാത്തവരായി മാറുമെന്ന ഗുരുതരവിപത്തിന്റെ നേർക്കാഴ്ചകൾ കിട്ടിത്തുടങ്ങി.

പൗരത്വനിയമത്തിൽ ഒരു ചെറിയ തിരുത്തൽ മാത്രമണെന്ന് പറഞ്ഞ് നേരിനെ മൂടുന്നവർ ഒരു ഭാഗത്ത്. യാഥാർഥ്യം മനസിലാക്കി, പ്രതിരോധത്തിന് ഉദ്വേഗം കൊള്ളുന്നവർ മറുവശത്ത്. ചിന്താശീലമുള്ളവർ പ്രതിരോധക്കാർക്ക് പിന്നിൽ ഒന്നോടെ അണിനിരന്നത് വിസ്മയാവഹമായി തുടരുന്നു. തീർന്നില്ല, കാമ്പസുകളിൽ വിഷയം സജീവചർച്ചയായി. പ്രതിരോധങ്ങളുടെ തുടക്കവും അവിടെനിന്നുതന്നെ. സമകാലിക ഭാരതം ഉറ്റുനോക്കുകയും ആകാംക്ഷകൊള്ളുകയും ചെയ്യുന്നുണ്ട് യുവതയുടെ മുന്നേറ്റം. അതിനാൽതന്നെ, ഭാവിയുടെ സ്ഫടികം ഇവരുടെ കൈകളാൽ സംരക്ഷിക്കപ്പെടുമെന്ന് നമുക്ക് പ്രത്യാശിക്കാം.

പരസ്യവിപണി കടന്നുപോകുന്ന കറുത്തദിനങ്ങളെക്കുറിച്ച് പുതിയ ലക്കത്തിൽ വിശകലന ലേഖനമുണ്ട്. പരസ്യവിപണിയുടെ നാഡീസ്പന്ദനമറിയുന്ന ദേവൻനായരാണ് ലേഖകൻ.

ആസന്നമായ ട്രംപ് സന്ദർശനമാണ് ഫ്രാങ്കോ ലൂയിസിന്റെ ലേഖനവിഷയം. ആദ്യമായാണ് അമേരിക്കൻ പ്രസിഡന്റ് ട്രംപ് ഇന്ത്യ സന്ദർശിക്കുന്നത്. അമേരിക്കക്ക് അനുകൂലമായ കരാറുകൾ നേടിയെടുക്കുകയാണ് ലക്ഷ്യം. അതിനുപയോഗിക്കുന്ന അനുരഞ്ജനവും ഭീഷണിയും ഫ്രാങ്കോ ലൂയിസ് അക്കമിട്ട് നിരത്തുന്നുണ്ട് ലേഖനത്തിൽ.

കാരൂർ സോമന്റെ ലണ്ടൻ കാഴ്ചകൾ, റിഥം ഓഫ് ലൈഫ്, എഴുത്തും കുത്തും തുടങ്ങിയ വിഭവങ്ങളും പുതിയ ലക്കത്തിൽ ചേർത്തിരിക്കുന്നു.

**-സി.ആർ.രാജൻ,**
മാഗസിൻ എഡിറ്റർ


ഓഫീസ്:
**വ്യാപാരകേരളം**
(ഓൺലൈൻ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

മാഗസിൻ എഡിറ്റർ:
സി. ആർ. രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
റയൻ ജോസഫ്


## അറിയിപ്പ്

വ്യാപാരകേരളം.കോം സമ്പൂർണ മാസികയായും വാർത്താപത്രികയായും പരിഷ്കരിച്ചിരിക്കുന്നു. എല്ലാ ഒന്നാം തീയതികളിലും മാസിക പ്രസിദ്ധീകരിക്കും. അതത് ദിവസത്തെ വാർത്തകൾ 'കാപ്സ്യൂൾ' രൂപത്തിൽ **'News'** വിഭാഗത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. തിരക്കേറിയ പ്രഭാതങ്ങളിൽ വാർത്തകൾ സമഗ്രമായി, ചുരുങ്ങിയ സമയംകൊണ്ട് വായിച്ചറിയുവാൻ ഇതുപകരിക്കും.

https://www.vyaparakeralam.com/news.html

റിപ്പബ്ലിക് ദിനാഘോഷം കഴിഞ്ഞ് ഒരു മാസമാകുമ്പോഴേക്കും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇന്ത്യ സന്ദർശിക്കുകയാണ്.

# ട്രംപ് വരുന്നു, കച്ചവട കാർഡുമായി





ഫ്രാങ്കോ ലൂയിസ്

കഴിഞ്ഞ വർഷം റിപ്പബ്ലിക് ദിനാഘോഷത്തിനു ഇന്ത്യ ആദ്യം ക്ഷണിച്ചത് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെയായിരുന്നു. അദ്ദേഹം ക്ഷണം നിരസിക്കുകയായിരുന്നു. ഒരു വർഷത്തേക്കുള്ള പരിപാടികളെല്ലാം നേരത്തെ തയാറാക്കിപ്പോയതിനാൽ ഒഴിവില്ലെന്നു പറഞ്ഞാണ് വൈറ്റ് ഹൗസ് തലയൂരിയത്. അന്ന് ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റംഫോസയെ മുഖ്യാതിഥിയാക്കി.

ഇത്തവണ റിപ്പബ്ലിക് ദിനാഘോഷത്തിനു ബ്രസീലിന്റെ പ്രസിഡന്റ് ജെയർ ബോൾസനാരോയാണ് അതിഥിയായി എത്തിയത്. ബ്രസീൽ പ്രസിഡന്റിനെ അതിഥിയാക്കിയതിൽ ഉത്തരേന്ത്യയിലെ കരിമ്പു കർഷകർ ശക്തമായി പ്രതിഷേധിച്ചിരുന്നു. റിപ്പബ്ലിക് ദിനാഘോഷത്തിന് ഒരാഴ്ച മുമ്പ് ദാവോസിൽ നടന്ന ലോക സാമ്പത്തിക ഉച്ചകോടിയിൽ ബ്രസീൽ പ്രസിഡന്റ് നടത്തിയ പ്രസംഗമാണ് കരിമ്പു കർഷകരെ ചൊടിപ്പിച്ചത്. ഇന്ത്യയിലെ കരിമ്പിനു വില കൂടുതലാണെന്നും വില കുറയ്ക്കണമെന്നുമായിരുന്നു അദ്ദേഹം പ്രസംഗിച്ചത്. കഞ്ഞികുടി മുട്ടിക്കുന്ന നിലപാടു പ്രസംഗിച്ചയാളോടുള്ള പ്രതിഷേധമായിരുന്നു അത്.

റിപ്പബ്ലിക് ദിനാഘോഷം കഴിഞ്ഞ് ഒരു മാസമാകുമ്പോഴേക്കും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഇന്ത്യ സന്ദർശിക്കുകയാണ്. ഈ മാസം അവസാനത്തോടെയാണു ട്രംപ് വരുന്നത്. ആദ്യമായാണ് അദ്ദേഹം ഇന്ത്യ സന്ദർശിക്കുന്നത്. ലോകത്തിലെ ഏറ്റവും വമ്പൻ വിപണിയായ ഇന്ത്യയിൽനിന്ന് മികച്ച വ്യാപാര കരാറുകൾ നേടിയെടുക്കുകയാണ് സന്ദർശന ലക്ഷ്യം. ഇന്ത്യക്കും ഗുണകരമായ ചില കരാറുകൾ ഉണ്ടാകും. കരാറുകൾ ഏതെല്ലാമെന്നു ഉന്നത ഉദ്യോഗസ്ഥ തലത്തിൽ ചർച്ചകൾ പൂർത്തിയായിക്കഴിഞ്ഞു. എന്തെല്ലാം കരാറുകൾ ഉണ്ടാകുമെന്നോ അവയിലെ വ്യവസ്ഥകൾ എന്താണെന്നോ ഉള്ള വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല.

ഇന്ത്യയുടെ ആകാശം അമേരിക്കയ്ക്കു തുറന്നിടുന്ന കരാറുണ്ടാകുമെന്നാണ് വിവരം. സിവിൽ വ്യോമയാന രംഗത്ത് വിപ്ലവാത്മകമായ ചുവടുവയ്പാകും ഈ കരാർ. പ്രതിരോധ മേഖലയിലും കരാറുണ്ടാകും. അമേരിക്കയിൽനിന്ന് കോടികളുടെ യുദ്ധോപകരണങ്ങൾ വാങ്ങുന്ന കരാർ.

അമേരിക്കൻ പ്രസിഡന്റ് ട്രംപിന്റെ സന്ദർശനത്തിനു വഴിയൊരുക്കാൻ ഇന്ത്യൻ വിദേശകാര്യ മന്ത്രി ജയശങ്കറും പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗും വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയലും വാഷിംഗ്ടൺ സന്ദർശിച്ച് മന്ത്രിതലത്തിലും ഉദ്യോഗസ്ഥ തലത്തിലും പ്രാഥമിക ചർച്ചകൾ നടത്തിയിരുന്നു.

തങ്ങൾ ആഗ്രഹിക്കുന്ന വ്യാപാര കരാറുകളിൽ ഒപ്പുവയ്പിക്കാൻ ട്രംപ് രണ്ടുതരം നയതന്ത്ര വിദ്യകളാണ് പ്രയോഗിച്ചത്. അതിലൊന്ന് ചങ്ങാത്തത്തിന്റേതാണ്. അമേരിക്കയിലെ ഹൂസ്റ്റണിൽ ഇന്ത്യക്കാരുടെ മഹാസംഗമം ഒരുക്കിയപ്പോൾ പ്രധാനമന്ത്രി നരേന്ദ്രമോദിക്കൊപ്പം വേദി പങ്കിട്ട ട്രംപ് മോദിയോടും ഇന്ത്യയോടുമുള്ള ചങ്ങാത്തമാണ് പ്രകടമാക്കിയത്. നന്ദിസൂ

ചകമായി ട്രംപിനു വോട്ടഭ്യർഥിക്കുന്ന വിധത്തിൽ മോദി നടത്തിയ പരാമർശം വിവാദമായിരുന്നു. ഈ വർഷം അവസാനത്തോടെയാണ് അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ്.

ട്രംപ് ഇന്ത്യക്കു നേരെ പ്രയോഗിക്കുന്ന ര



ണ്ടാമത്തെ നയതന്ത്രം ഭീഷണിയുടേതാണ്. കാഷ്മീർ വിഷയത്തിൽ ഇടപെടുമെന്നാണ് പ്രധാന ഭീഷണി. തങ്ങൾക്കുവേണ്ട കരാറുകളിൽ ഒപ്പിട്ടില്ലെങ്കിൽ ഉപരോധം ഏർപ്പെടുത്തുമെന്ന ഭീഷണി പരോക്ഷമായും നൽകിയിട്ടുണ്ട്. കാഷ്മീർ വിഷയത്തിൽ ഇടപെടുമെന്ന ഭീഷണി പുതിയതല്ല. പുൽവാമ ആക്രമണമുണ്ടായപ്പോൾ മുതൽ അതു വർധിച്ചു. കഴിഞ്ഞ മാസം പകുതിയോടെ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഉച്ചകോടിയിൽ പാക്കിസ്ഥാൻ പ്രസിഡന്റ് ഇമ്രാൻ ഖാനുമായി കൂടിക്കാഴ്ച നടത്തിയശേഷം ട്രംപ് ആ ഭീഷണി ആവർത്തിച്ചു. വേണ്ടിവന്നാൽ കാഷ്മീർ വിഷയത്തിൽ ഇടപെടുമെന്ന പരസ്യ പ്രഖ്യാപനത്തിന്റെ പിറകിലെ ലക്ഷ്യം വാണിജ്യ കരാറുകളാണ്. അമേരിക്കൻ ബഹുരാഷ്ട്ര കുത്തക കമ്പനികൾക്ക് പ്രയോജനകരമായ കരാറുകൾ.

അമേരിക്കയിലെ ഹൂസ്റ്റണിൽ ഇന്ത്യ ഒരുക്കിയ ഹൗഡി മോദി പരിപാടിക്കു സമാനമായ മഹാസംഗമ പരിപാടി ഇന്ത്യയിൽ ട്രംപിനുവേണ്ടി സജ്ജമാക്കുന്ന കാര്യവും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ട്. സാമ്പത്തിക പ്രതിസന്ധിയും തൊഴിലില്ലായ്മയും പൗരത്വ നിയമ ഭേദഗതി പ്രശ്നങ്ങളും കാഷ്മീർ വിഷയവും യുവജന പ്രക്ഷോഭങ്ങളും അടക്കമുള്ള കോലാഹലങ്ങൾക്കിടയിൽ കോലം കെട്ടുപോയതിന്റെ ക്ഷീണം മാറ്റാം. ജനങ്ങളുടെ ചെലവിൽ പ്രതിച്ഛായ മെച്ചപ്പെടട്ടെ.

എന്തൊക്കെയായാലും ഇന്ത്യയിൽ ബിജെപിയുടെ നരേന്ദ്ര മോദിയും അമേരിക്കയിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ ഡൊണാൾഡ് ട്രംപും പയറ്റുന്നത് ഒരേ കാർഡുകളാണ്. ദേശീയവാദ കാർഡ്. ഇന്ത്യയിൽ അതു കുറേക്കൂടി തീവ്രവും രൂക്ഷവുമാക്കാൻ വർഗീയ കാർഡുകൂടിയുണ്ടെന്നു മാത്രം.

## ട്രംപിന്റെ മിസൈൽ

പുതുവൽസരം പിറന്നതു യുദ്ധഭീതിയിലേക്കായിരുന്നു. ജനുവരി മൂന്നിനു പുലർച്ചെ ഒരു മണി കഴിഞ്ഞ് 20 മിനിറ്റ്. ഇറാക്കിന്റെ തലസ്ഥാനമായ ബാഗ്ദാദിലെ രാജ്യാന്തര വിമാനത്താവളത്തിനരികിൽ രണ്ടു കാറുകൾ മിസൈലേറ്റു തകർന്നു. ഇറാക്ക് സന്ദർശിച്ചു മടങ്ങിപ്പോകുകയായിരുന്ന ഇറാന്റെ ഖുദ്സ് സേനാ തലവൻ ഖാസിം സുലൈമാനി ഉൾപ്പെടെ ഏഴു പേരാണ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടത്.

സംഭവത്തിനു പിറകേ, അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അമേരിക്കൻ പതാക ട്വീറ്റ് ചെയ്തു. ഇറാക്കിൽ അഞ്ചു വർഷമായി തമ്പടിച്ചിട്ടുള്ള അമേരിക്കൻ സേന പ്രസിഡന്റ് ട്രംപിന്റെ പ്രത്യേക നിർദേശ പ്രകാരമാണ് മിസൈൽ ആക്രമണം നടത്തിയത്. ട്രംപും അമേരിക്കയും ഇക്കാര്യം പരസ്യമായി പ്രഖ്യാപിച്ചു.

ഭീകരപ്രവർത്തനത്തെ സഹായിക്കുന്നുണ്ടെന്ന് ആരോപിച്ച് ഇറാനെതിരേ അമേരിക്ക 2018 മേയ് മാസത്തിൽ ഉപരോധം ആരംഭിച്ചതാണ്. ഇറാന്റെ തൊട്ടടുത്ത രാജ്യമായ ഇറാക്കിലെ വി

മതരെയും ഭീകരരേയും ഒതുക്കാൻ സഹായിക്കാമെന്നു വാഗ്ദാനം ചെയ്ത് അമേരിക്കൻ സേന 2014 ൽ ഇറാക്കിൽ കയറിപ്പറ്റിയതാണ്. വിമതരെ ചെറുക്കാൻ ഇറാക്ക് ഭരണകൂടം അമേരിക്കൻ സൈന്യത്തിന് തങ്ങളുടെ മണ്ണിൽ താവളങ്ങൾ നൽകി.

ഇങ്ങനെയിരിക്കേയാണ് അമേരിക്കയുടെ ആക്രമണം. യുദ്ധത്തിലേക്കു നീങ്ങുകയാണെന്നു ലോകം ഭയന്നു.

ഖാസിം സുലൈമാനി ഇന്ത്യയിലടക്കം പലയിടത്തും ഭീകരാക്രമണത്തിനു പദ്ധതിയിട്ടിരുന്നെന്ന് ട്രംപ് പറഞ്ഞു. അതുവരേയും ലോകം ശ്രദ്ധിക്കാതിരുന്ന സുലൈമാനി ഇത്രയും വലിയ ഭീകരനായിരുന്നോ? എങ്കിൽ കൊല്ലപ്പെട്ടതു നന്നായെന്ന് എല്ലാവരും ആശ്വസിച്ചു.

ഇറാനിലെ ക്യോം ജാംകരൻ മോസ്കിലെ താഴികക്കുടത്തിൽ ചുവപ്പു കൊടി ഉയർത്തി യുദ്ധം സമാഗതമായെന്ന മുന്നറിയിപ്പു നൽകി. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ തലയ്ക്ക് എട്ടു കോടി ഡോളർ (576 കോടി രൂപ) ഈനാം പ്രഖ്യാപിച്ചു.

ഇറാക്കിലെ അമേരിക്കൻ എംബസിക്കും അമേരിക്കൻ സൈനികർ തങ്ങുന്ന ബാലാദ് വ്യോമതാവളത്തിനും നേരെ ഇറാൻ മിസൈലാക്രമണം നടത്തി. സൈനികർ ബങ്കറുകൾക്കുള്ളിലായിരുന്നു. അതിനാൽ ആളപായം ഉണ്ടായില്ല. ഇറാക്കിലെ അമേരിക്കയുടെ രണ്ടു സൈനിക താവളങ്ങളിലേക്ക് ഇറാൻ മിസൈലാക്രമണം നടത്തി. 80 അമേരിക്കൻ സൈനികർ കൊല്ലപ്പെട്ടെന്ന് ഇറാൻ അവകാശപ്പെട്ടു. 15 മിസൈലുകളാണ് ഇറാൻ പ്രയോഗിച്ചത്. എന്നാൽ ആളപായമില്ലെന്നാണ് അമേരിക്ക വെളിപ്പെടുത്തിയത്.

കൊല്ലപ്പെട്ട ഇറേനിയൻ സൈനിക ജനറൽ ഖാസിം സുലൈമാനിയുടെ സംസ്കാര ചടങ്ങിനിടെ തിക്കിലും തിരക്കിലുംപെട്ട് 35 പേർ മരിച്ചു. സുലൈമാനിയെ വധിച്ചതിന്റെ ഏഴാം നാൾ ഇറേനിയൻ സൈനികർ തങ്ങളുടെ വ്യോമാതിർത്തിയിലൂടെ കടന്നുപോയ യുക്രേനിയൻ വിമാനത്തിനു നേരെ മിസൈൽ ആക്രമണം നടത്തി. 176 യാത്രക്കാർ മരിച്ചു. ബോയിംഗ് 737 വിമാനമാണ് ടെഹ്റാൻ വിമാനത്താവളത്തിന് സമീപം തകർന്നു വീണത്.

ഇറാന്റെ തിരിച്ചടി തത്കാലം ഇതോടെ അവസാനിച്ചു. പ്രകോപനമുണ്ടാക്കാനുള്ള ഇറാന്റെ ശ്രമങ്ങളെ അമേരിക്ക ഗൗനിച്ചതേയില്ല. യുദ്ധമായി മാറുമായിരുന്ന സംഭവ പരമ്പരകൾ കെട്ടടങ്ങിയ മട്ടാണ്. പതുങ്ങിയിരുന്ന് ഇറാൻ ഇനിയും ആക്രമണത്തിനു മുതിരുമോയെന്നു കണ്ടറിയണം.

ഇതിനിടയിൽ ലോക രാജ്യങ്ങൾക്കിടയിൽ ഒരു ചോദ്യം ഉയർന്നുവന്നു. ട്രംപ് ഇറാനെതിരേ നടത്തിയ ആക്രമണം യഥാർഥത്തിൽ ഭീകരതയ്ക്കെതിരായ ആക്രമണം തന്നെയായിരുന്നോ?

അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ് നവംബർ മൂന്നിനു നടക്കാനിരിക്കുകയാണ്. സെനറ്റിലേക്കും ഹൗസ് ഓഫ് റപ്രസന്റേറ്റീവ്സിലേക്കും തെരഞ്ഞെടുപ്പ് നടക്കും. അതിനു മുമ്പേ അടുത്ത ആറു മാസങ്ങളിലായി തെരഞ്ഞെടുപ്പിന്റെ പ്രാഥമിക നോമിനേഷനുകൾ ലഭിക്കണം.

സാമ്പത്തിക രംഗത്തു തളർച്ച നേരിട്ടുകൊണ്ടിരിക്കുമ്പോഴാണ് ട്രംപിനെതിരേ ആരോപണങ്ങളുമായി ഇംപീച്ച്മെന്റ് പ്രമേയം വരുന്നത്. അധികാര ദുർവിനിയോഗം നടത്തി, പാർലമെന്റിന്റെ അധികാരത്തിൽ കൈകടത്തി എന്നിവയാണു ട്രംപിനെതിരായ പ്രധാന ആരോപണങ്ങൾ. ട്രംപിനെതിരേ സ്ഥാനാർഥിയാകാൻ സാധ്യതയുള്ള ജോ ബൈഡനും മകനുമെതിരെ വ്യാജ കേസുണ്ടാക്കാൻ യുക്രൈൻ പ്രസിഡന്റ് വ്ളാഡ്മിർ സെലൻസ്കിയോട് ട്രംപ് ആവശ്യപ്പെട്ടെന്ന വിവരം ചോർന്നതാണ് ഇംപീച്മെന്റ് നടപടികൾക്കു വേഗംകൂട്ടിയത്.


ഇംപീച്ച്മെന്റ് പ്രമേയം അമേരിക്കൻ കോൺഗ്രസ് പാസാക്കി. ട്രംപിന്റെ റിപ്പബ്ലിക്കൻ പാർട്ടിക്കു സ്വാധീനമുള്ള സെനറ്റ് അതു തള്ളിക്കളയും. പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ജയിച്ചേ തീരൂ. അതിനുള്ള നോമിനേഷനുകൾ ആരംഭിക്കുമ്പോഴേക്കും പാർട്ടിയുടേയും തന്റേയും നില മെച്ചപ്പെടുത്തണം.

ഇത്തരം വെല്ലുവിളികൾ നേരിടുന്ന സാഹചര്യത്തിലാണ് ട്രംപ് ഇറാനെതിരേ ഇറാക്കിൽ വെടി പൊട്ടിച്ചത്. അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിനു തന്റേയും റിപ്പബ്ലിക്കൻ പാർട്ടിയുടേയും പ്രചാരണങ്ങളുടെ ഉദ്ഘാടനമാണ് ഈ മിസൈൽ ആക്രമണത്തിലൂടെ ട്രംപ് വിജയകരമായി നടത്തിയത്.

മിസൈൽ ആക്രമണത്തിലൂടെ ട്രംപ് അമേരിക്കൻ ജനതയുടെ വിശ്വാസമാണ് വീണ്ടെടുത്തത്. അവരുടെ ദേശീയ ബോധത്തെയാണ് ആളിക്കത്തിച്ചത്. ഭീകരരെ ലോകത്തെവിടെയായാലും അമേരിക്ക വകവരുത്തുമെന്നും ലോകം അമേരിക്കയുടെ കൈപ്പിടിയിലാണെന്നുമുള്ള സന്ദേശം. ട്രംപിന്റെ മിസൈൽ അമേരിക്കൻ ജനതയെ ആവേശഭരിതരാക്കി. അവരുടെ വോട്ടുകൾ ട്രംപിന്റെ ട്രങ്കുപെട്ടിയിലേക്കുള്ളതാണ്.

ആരെ ബലികൊടുത്തും അധികാരക്കസേര സ്വന്തമാക്കുന്നത് രാഷ്ട്രീയത്തിലെ ചാണക്യ തന്ത്രമാണ്.


# കിഡ്നി വിൽപ്പനയ്ക്ക് സ്വതന്ത്രവിപണി വേണം...



**ദേവൻ നായർ**
Director, Sonnet Creations Pvt Ltd.
Thrissur

ഞാനിതെഴുതുന്നത് സ്വന്തം ഭാവിയിൽ ആശങ്കയുള്ളത് കൊണ്ടാണ്. പരസ്യമേഖലയിലാണ് ഞാൻ പ്രവർത്തിക്കുന്നത്. അനുദിനം ഈ മേഖല ശോഷിച്ച് ശോഷിച്ച് വരികയാണ്. വിൽപ്പനയില്ലെങ്കിൽ എന്തിനാണ് പരസ്യം എന്ന് കച്ചവടക്കാർ ചോദിക്കുന്നു. ഇനി ചെയ്യാനുദ്ദേശിക്കുന്നവർ തന്നെ അവരുടെ ബഡ്ജറ്റ് വെട്ടികുറയ്ക്കുന്നു. ഈ രീതിയിൽ പോയാൽ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ എന്നെപോലുള്ളവർക്ക് ബുദ്ധിമുട്ടാവും. തറവാട്ടിൽ പിറന്നവനായതുകൊണ്ട് കക്കാനോ, പിടിച്ചുപറിക്കാനോ എനിക്ക് കഴിയില്ല. അപ്പോൾ ഞാൻ വളരെ ആലോചിച്ച് ഒരു കിഡ്നി വിൽക്കാൻ തീരുമാനിക്കുന്നു. പക്ഷെ സർക്കാരിന്റെ ഇപ്പോഴത്തെ നൂലാമാലകൾ കാരണം ഇത് അത്ര എളുപ്പമല്ല. എനിക്ക് വേണ്ടത് ആവശ്യക്കാരനും വിൽപ്പനക്കാരനും തമ്മിൽ നേരിട്ടുള്ള ഇടപാടാണ്. കൂടുതൽ പണം തരുന്നവന് സാധനം കൊടുക്കണം. ഭൂമി കച്ചവടം ചെയ്യുന്നത് പോലെ. എന്നിട്ട് ആ പണംകൊണ്ട് എന്റെ ആവശ്യങ്ങൾ നിറവേറ്റണം. കിഡ്നി വിൽപ്പനയിൽ സുതാര്യത നിലനിർത്തിയാലേ ഇത് പറ്റൂ. അതായത് ഓപ്പൺ മാർക്കറ്റ് രീതി. ഇക്കാര്യത്തിൽ ആദ്യം എതിർപ്പുമായി വരുന്നത് ചിറമ്മൽ അച്ചനെപോലെ ഉള്ള ആളുകൾ ആവാം. കിഡ്നി റാക്കറ്റ് തുടങ്ങിയ പദങ്ങളുമായി വന്ന് എന്നെ പോലുള്ള

**2040ൽ ഇന്ന് കാണുന്ന പല തൊഴിലുകളും ഇല്ലാതാകും. ഡ്രൈവർലെസ് കാറുകൾ വന്നാൽ പിന്നെ ഡ്രൈവർക്ക് എന്ത് പണിയാണുള്ളത്. സ്വാഭാവികമായും ട്രാഫിക് പോലീസുകാരന്റെ പണിയും പോകും. ഇമെയിലുകൾ വന്നപ്പോൾ പോസ്റ്റ്മാന് പണി പോയതുപോലെ. ഇങ്ങിനെ ഓരോ രംഗത്തും ആർട്ടിഫിഷ്യൽ ഇന്റലിജൻസും അൽഗോരിതവും ചേർന്ന് മനുഷ്യാധ്വാനം ഒരു കെട്ടുകഥയാക്കും.**





വരുടെ അന്നം മുട്ടിക്കും. ഈ പിടിവാശി ഭാവിക്ക് ഗുണം ചെയ്യുമോ?

ഞാൻ വെറുതെ പറയുകയല്ല. 2040ൽ ഇന്ന് കാണുന്ന പല തൊഴിലുകളും ഇല്ലാതാകും. ഡ്രൈവർലെസ് കാറുകൾ വന്നാൽ പിന്നെ ഡ്രൈവർക്ക് എന്ത് പണിയാണുള്ളത്. സ്വാഭാവികമായും ട്രാഫിക് പോലീസുകാരന്റെ പണിയും പോകും. ഇമെയിലുകൾ വന്നപ്പോൾ പോസ്റ്റ്മാന് പണി പോയതുപോലെ. ഇങ്ങിനെ ഓരോ രംഗത്തും ആർട്ടിഫിഷ്യൽ ഇന്റലിജൻസും അൽഗോരിതവും ചേർന്ന് മനുഷ്യാധ്വാനം ഒരു കെട്ടുകഥയാക്കും. റോബോട്ടിക് നിയന്ത്രിക്കുന്ന ബാങ്കുകളിൽ ക്ലാർക്കുകമാർ ആവശ്യം വരില്ല. സൈനിക രംഗത്തും സാധാരണപട്ടാളക്കാരുടെ എണ്ണം കുറഞ്ഞ് കുറഞ്ഞ് വരും. ഇതൊന്നും ഒരു ഹോളിവുഡ് സിനിമ കഥയല്ല. സമീപ ഭാവിയിൽ സംഭവിക്കാനിരിക്കുന്നതാണ്. പ്രശസ്ത ഇസ്രായേൽ എഴുത്തുകാരനും ചരിത്രകാരനുമായ യുവൽ നോഹ ഹരാരിയുടെ 'ഹോമോ ദി യൂസ്' എന്ന പുസ്തകത്തിൽ ഇതെല്ലാം പറയുന്നുണ്ട്. ഉപയോഗശൂന്യമായ വസ്തുവായി മനുഷ്യർ മാറുന്നു. ഈ മനുഷ്യർ എന്ത് ചെയ്യും. ഇതായിരിക്കും രാഷ്ട്രങ്ങളുടെ മുന്നിലെ പ്രധാന പ്രശ്നം. ഇന്ത്യയിലാണെങ്കിൽ ഒരു ക്വാർട്ടറും, ബിരിയാണിയും കൊടുത്ത് ജാഥക്ക് കൂട്ടാം. അതിന് പറ്റിയ രാഷ്ട്രീയ അന്തരീക്ഷം ഇവിടെയുണ്ടായിക്കൊണ്ടേയിരിക്കും. പൗരത്വഭേദഗതി, രാമക്ഷേത്രം, നവോത്ഥാനമതിൽ, മനുഷ്യചങ്ങല അങ്ങിനെ അങ്ങിനെ. ഉൾക്കാഴ്ചയില്ലാത്ത വൃദ്ധരാഷ്ട്രീയ നേതാക്കൾ ഉള്ളിടത്തോളം കാലം ഇതിനൊന്നും പഞ്ഞമുണ്ടാവില്ല. ഏതെങ്കിലും ഒരു രാഷ്ട്രീയക്കാരൻ റോബോട്ട് നിങ്ങളുടെ തൊഴിലിടങ്ങൾ ഇല്ലാതാക്കുമെന്ന് പ്രസംഗിക്കുകയില്ല. കമ്യൂണിസ്റ്റ് പാർട്ടികൾ അപ്പോഴും വർഗസമര സിദ്ധാന്തം, തൊഴിലാളി വിപ്ലവം തുടങ്ങിയവ പാർട്ടി കോൺഗ്രസിൽ ചർച്ച ചെയ്തുകൊണ്ടിരിക്കും. മാർക്സ് ഇപ്പോൾ വരികയാണെങ്കിൽ എല്ലാ കമ്യൂണിസ്റ്റ് ചിന്തകന്മാരുടേയും ചെവി പിടിച്ച് ദാസ് ക്യാപ്പിറ്റൽ അടച്ചുവെച്ച് ഇന്റർനെറ്റിൽ നോക്കാൻ പറയും. ഹരാരി തന്റെ പുസ്തകം അവസാനിപ്പിക്കുന്നത് ഇങ്ങിനെയാണ്. 2040–2050കളിൽ ദാരിദ്ര്യംകൊണ്ട് മരിക്കുന്നവരേക്കാൾ കൂടുതൽ ആളുകൾ പൊണ്ണത്തടികൊണ്ട് മരിക്കും. യുദ്ധത്തിൽ മരിക്കുന്നതിനേക്കാൾ കൂടുതൽ ആളുകൾ ആത്മഹത്യ ചെയ്യും. സമത്വത്തിന് പകരം അമരത്വം ലോകത്തെ കീഴടക്കും.

ചുരുക്കത്തിൽ ബയോ ടെക്നോളജിയുടെ വികസനം മൂലം മനുഷ്യന്റെ ആയുസ് വർധിക്കും. അങ്ങിനെ 125 വയസുള്ള പ്രധാനമന്ത്രി



മാരും, പ്രസിഡന്റുമാരും, പോളിറ്റ് ബ്യൂറോ മെമ്പർമാരും, പാർട്ടി സെക്രട്ടറിമാരും, സംഘചാലക് പ്രമുഖരും, സിഇഒമാരും, എംഡിമാരും ലോകം മുഴുവൻ വിരാജിക്കും. ഈ അവസ്ഥയിലേക്ക് ഇനി അധികം ദൂരമില്ല. അതായത് മോഹൻലാലിന്റെ കിരീടം എന്ന സിനിമയുടെ പ്രായം. ഇത്തരം ഒരു അവസ്ഥയിൽ കിഡ്നി വിൽപ്പനയ്ക്ക് വെയ്ക്കുകയല്ലാതെ മറ്റെന്താണ് നമ്മുടെ മുന്നിലുള്ളത്?

# അസാധ്യമല്ല, ഒന്നും!

**സംഗീതരംഗത്തെ ഏറ്റവും ബഹുമാനിക്കപ്പെടുന്ന ഗ്രാമി അവാർഡുകൾ അഞ്ചെണ്ണം കരസ്ഥമാക്കിയ ബില്ലി എല്ലിഷിനെക്കുറിച്ച്....**




**തേജശ്രീ**

**നാ**ലാം വയസിൽ സ്വന്തമായി പാട്ടെഴുതിയ ഒരു പെൺകുട്ടി. ചേട്ടനെ കണ്ടു പഠിച്ചതാണ് അവൾ. സ്വന്തം ബാൻഡുള്ള മിടുക്കനായിരുന്നു ആ സഹോദരൻ. മക്കൾ രണ്ടുപേരും അവർക്കിഷ്ടമുള്ളപോലെ സ്വയം പ്രകാശിപ്പിക്കട്ടെ, ഇഷ്ടമുള്ള വഴികളിലൂടെ സഞ്ചരിച്ച് ജീവിതം പഠിക്കട്ടെ എന്നു കരുതിയിരുന്നു അവരുടെ മാതാപിതാക്കൾ. ആ പെൺകുട്ടിക്ക് ഇപ്പോൾ പതിനെട്ടു കഴിഞ്ഞതേയുള്ളൂ. പോപ് ഗായികയായി വളർന്ന അവൾ ഇത്തവണത്തെ ഗ്രാമി അവാർഡുകൾ അഞ്ചെണ്ണമാണ് നേടിയത്. ലോകം അവളെ ബില്ലി എലിഷ് എന്നു വിളിക്കുന്നു.



ലൊസാഞ്ചലസിലെ ഹൈലാൻഡ് പാർക്കിൽ ജനിച്ചുവളർന്ന ബില്ലി എലിഷ് പിറേറ്റ് ബെയ്ഡ് ഒ'കോണൽ പതിനഞ്ചാം വയസിലാണ് സംഗീതലോകത്ത് ശ്രദ്ധനേടിയത്. സൗണ്ട് ക്ലൗഡ് എന്ന ഓഡിയോ ഷെയറിംഗ് സർവീസിൽ അവൾ റിലീസ് ചെയ്ത ഓഷ്യൻ ഐസ് (സാഗര നയനങ്ങൾ) അത്രമാത്രം സുന്ദരമായിരുന്നു. ആ പാട്ടെഴുതി നിർമിച്ചത് സഹോദരൻ ഫിന്നിയേസ് ആണ്. തൊട്ടടുത്ത വർഷം എല്ലിഷിന്റെ ആദ്യ ഇപി (എക്സ്റ്റെൻഡഡ് പ്ലേ റെക്കോർഡ്) പുറത്തിറങ്ങി. എന്തായിരുന്നു അതിന്റെ പ്രത്യേകത എന്നല്ലേ? അമേരിക്ക, ബ്രിട്ടൻ, കാനഡ, ഓസ്ട്രേലിയ എന്നിവിടങ്ങളിലെ ഹിറ്റ് ചാർട്ടുകളിൽ ടോപ് 15ൽ ഇടംപിടിച്ചു, ഡോണ്ട് സ്മൈൽ അറ്റ് മീ എന്ന ആ ഡിസ്ക്! എന്നെനോക്കി ചിരിക്കരുത് എന്നു പറഞ്ഞ എല്ലിഷ് മനോഹരമായി ചിരിച്ചു., മനസുകൊണ്ടെങ്കിലും. കഴിഞ്ഞവർഷമെത്തിയ അവളുടെ ആദ്യ സ്റ്റുഡിയോ ആൽബം വെൻ വീ ഓൾ ഫാൾ അസ്ലീപ്, വേർ ഡു വി ഗോ? അമേരിക്കയിലും ബ്രിട്ടനിലും തരംഗമായി. ബിൽബോർഡ് ടോപ് 40 സിംഗിൾസിൽ ഇടംപിടിച്ച ആറു പാട്ടുകളുണ്ടായിരുന്നു. അതിലൊന്ന് അമേരിക്കയിലെ നമ്പർ വൺ സിംഗിളുമായി.

പുതുവർഷമെത്തിയതോടെ ഒട്ടേറെ പ്ലാറ്റി

**നാലു പ്രധാന ഗ്രാമി വിഭാഗങ്ങളിൽ പുരസ്കാരം നേടുന്ന ഏറ്റവും പ്രായംകുറഞ്ഞ വ്യക്തിയാണ് എല്ലിഷ് ഇപ്പോൾ. ആൽബം ഓഫ് ദ ഇയർ, റെക്കോർഡ് ഓഫ് ദ ഇയർ, സോംഗ് ഓഫ് ദ ഇയർ, പിന്നെ ബെസ്റ്റ് ന്യൂ ആർട്ടിസ്റ്റും. ഒരു പതിനെട്ടുകാരിക്ക് എത്തിപ്പിടിക്കാൻ കഴിയാത്തതൊന്നുമല്ല ഇതൊക്കെയെന്ന് ഉറക്കെ പറഞ്ഞുവയ്ക്കുന്ന ബില്ലി എല്ലിഷ്.**



നം, ഗോൾഡ് സിംഗിളുകൾ എല്ലിഷിന്റെ ക്രെഡിറ്റിൽ വന്നു. തൊപ്പിയിൽ തൂവലായി അഞ്ച് ഗ്രാമി അവാർഡുകൾ, രണ്ട് അമേരിക്കൻ മ്യൂസിക് അവാർഡുകൾ, രണ്ട് ഗിന്നസ് വേൾഡ് റെക്കോർഡുകൾ, മൂന്ന് എംടിവി വീഡിയോ മ്യൂസിക് അവാർഡുകൾ എന്നിവയും. നാലു പ്രധാന ഗ്രാമി വിഭാഗങ്ങളിൽ പുരസ്കാരം നേടുന്ന ഏറ്റവും പ്രായംകുറഞ്ഞ വ്യക്തിയാണ് എല്ലിഷ് ഇപ്പോൾ. ആൽബം ഓഫ് ദ ഇയർ, റെക്കോർഡ് ഓഫ് ദ ഇയർ, സോംഗ് ഓഫ് ദ ഇയർ, പിന്നെ ബെസ്റ്റ് ന്യൂ ആർട്ടിസ്റ്റും. ഒരു പതിനെട്ടുകാരിക്ക് എത്തിപ്പിടിക്കാൻ കഴിയാത്തതൊന്നുമല്ല ഇതൊക്കെയെന്ന് ഉറക്കെ പറഞ്ഞുവയ്ക്കുന്ന ബില്ലി എല്ലിഷ്.

## സ്റ്റൈലിഷ് എല്ലിഷ്

വസ്ത്രധാരണംകൊണ്ട് ഏറെ വ്യത്യസ്തയാണ് എല്ലിഷ്. ചുറ്റുമുള്ള എല്ലാവരുടെയും ശ്രദ്ധ തന്നിലേക്കെത്തുന്ന തരം വസ്ത്രങ്ങളാണ് അവൾ തെരഞ്ഞെടുക്കുക പതിവ്. ഒരുപാടാളുകളിൽനിന്ന് ശരിക്കും വ്യത്യസ്തയാകാനാണ് അവളുടെ ശ്രമം., ഓർമിക്കപ്പെടുന്ന വ്യത്യസ്തത. ആളുകൾ വിചാരിക്കുന്നതിനേക്കാൾ കൂടുതൽ പ്രധാനപ്പെട്ടവളാണ് താനെന്ന് അവർക്കുതന്നെ ബോധ്യപ്പെടുത്താൻ ശ്രമിക്കാറുണ്ടെന്നാണ് എല്ലിഷിന്റെ പക്ഷം. അതേസമയം ബോഡി ഷെയിമിംഗ് എന്ന വൃത്തികെട്ട പ്രവണതയിൽ നിന്ന് തന്നെ രക്ഷിക്കുന്നതും അയഞ്ഞുതൂങ്ങുന്ന വസ്ത്രങ്ങളാണെന്ന് അവൾ പറയുന്നു.

ഇവിടെ എല്ലിഷ് പറഞ്ഞുവയ്ക്കുന്ന ഒരു കാര്യമുണ്ട്– മറ്റുള്ളവർക്കു തളർത്താനുള്ളതല്ല തന്റെ മനസ്സ് എന്നതുതന്നെ! ജീവിതത്തിന്റെ ഏതു തുറയിലുമുള്ളവർ ഓർത്തുവയ്ക്കേണ്ട പാഠം.

മനസ്സിനെക്കുറിച്ചു പറഞ്ഞതുകൊണ്ടാണ്, ഒരു കാര്യംകൂടി വ്യക്തമാക്കേണ്ടതുണ്ട്. വിവിധങ്ങളായ മാനസികാവസ്ഥകൾ നേരിടുന്നയാളുമാണ് എല്ലിഷ്. വിഷാദരോഗത്തെയും അവൾ അതിജീവിച്ചിട്ടുണ്ട്. മാംസഭക്ഷണമോ ലഹരി പദാർത്ഥങ്ങളോ അവൾ ഉപയോഗിക്കാറുമില്ല.



# ലണ്ടൻ വിസ്മയക്കാഴ്ചകൾ



കാരൂർ സോമൻ, ചാരുംമൂട്

ലണ്ടനെക്കുറിച്ച് പറയും മുൻപേ, അതൊക്കെ ഒന്നു കണ്ട് അതിനെക്കുറിച്ച് വിശദീകരിക്കുന്നതായിരിക്കും ഏറെ ഉചിതം. ഇംഗ്ലണ്ടിലെ മറ്റു സ്ഥലങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തമാണ് ലണ്ടൻ. മറ്റൊരു ലോകത്ത് എത്തിയ പ്രതീതി. ശരിക്കും ഒരു മോഡേൺ സിറ്റി. ലണ്ടൻ ചുറ്റി കാണാൻ ഗൈഡഡ് ടൂർ ആണ് ഏറ്റവും ഉത്തമം. ഒരു ടിക്കറ്റ് എടുത്താൽ രണ്ടു ദിവസം മുഴുവൻ ഡബിൾ ഡെക്കർ ബസ്സിൽ അവർ ലണ്ടൻ മുഴുവൻ ചുറ്റി കാണിക്കും. ഗൈഡിന്റെ സേവനമുള്ളതു കൊണ്ട്, എല്ലാ ചരിത്രാവശിഷ്ടങ്ങളെക്കുറിച്ചും കാര്യമായി തന്നെ പഠിച്ചെടുക്കാനാകും. ലണ്ടന്റെ ചരിത്രം വായിച്ചതിനു ശേഷമാണെങ്കിൽ യാത്ര ഏറെ ഉപകരിക്കും.

ബിഗ് ബസിന്റെ ഏതു വണ്ടിയിൽ വേണമെങ്കിലും കയറാം. ട്രഫല്ഗർ സ്ക്വയറാണ് സെൻട്രൽ ലണ്ടന്റെ ഏറ്റവും ഹൃദയഭാഗത്തുള്ള സ്ഥലം. അഥവാ ലണ്ടൻ ജംഗ്ഷൻ. ലണ്ടനിലെ ചരിത്ര പ്രാധാന്യം ഉള്ള ഓരോ ഇടവഴികകളിലൂടെയുമാണ് യാത്ര.

ട്രഫല്ഗർ സ്ക്വയർ കഴിഞ്ഞാൽ കാണാം തല ഉയർത്തി നിൽക്കുന്ന ബ്രിട്ടീഷ് പാർലെമെന്റ് മന്ദിരം അഥവാ വെസ്റ്റ് മിനിസ്റ്റെർ പാലസ്. പ്രധാനമന്ത്രിയുടെ വസതി ആയ 10 ഡൗനിംഗ് സ്ട്രീറ്റും കടന്നു വെസ്റ്റ് മിനിസ്റ്റർ പാലസിന്റെ മുന്നിൽ നിന്നു കാണാം നാഴികമണിയുടെ തിണ്ണമിടുക്ക്. മിനിസ്റ്ററിന്റെ വടക്കേ മൂലയിലാണ് ക്ലോക്ക് ടവർ അഥവാ ലണ്ടന്റെ മുഖമുദ്ര ആയ ബിഗ് ബെൻ എന്ന ക്ലോക്ക്. ആഡംബരത്തിന്റെ രാജകീയമുഖമാണിത്. ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ പ്രതിബിംബം.

തെംസ് നദിയുടെ മറുകരയിൽ ലണ്ടൻ ഐ എന്ന ജയന്റ് വീൽ. തെംസ് നദിക്കു നമ്മുടെ പെരിയാറിന്റെ അത്രയും വീതിയെ ഉള്ളുവെങ്കിലും ലണ്ടൻ നഗരത്തിന്റെ ഹൃദയഭാഗത്ത് കൂടിയാണ് അതാണ് ഇതൊഴുകുന്നത്.

തെംസ് നദിയിലൂടെ ഒരു ബോട്ട് യാത്രയും മേൽപ്പറഞ്ഞ ടിക്കറ്റിൽ ഉൾപ്പെടുന്നു. തെംസ് നദിയിലൂടെ ഒഴുകി നടന്നു ലണ്ടന്റെ ഭംഗി ആസ്വദിക്കാൻ ബോട്ടിന്റെ മുകളിലത്തെ നിലയിലെ മുന്നിലുള്ള സീറ്റ് തന്നെ ബെസ്റ്റ്. ലണ്ടൻ ബ്രിഡ്ജ്, വാട്ടർ ലൂ ബ്രിഡ്ജ് എന്നിവ കടന്നാണ് ടവർ ബ്രിഡ്ജിനു സമീപം എത്തുന്നത്. ന്യൂയോർക്കിനു സ്ടാച്ചു ഓഫ് ലിബർട്ടി പോലെയാണ് ലണ്ടന് ടവർ ബ്രിഡ്ജ്.

ഇരുട്ട് വീഴുമ്പോൾ ടവർ ബ്രിഡ്ജ് ലൈറ്റുകൾ കൊണ്ട് അലങ്കരിക്കും. ലണ്ടന്റെ ഏറ്റവും ഭംഗിയുള്ള കാഴ്ചകളിൽ ഒന്നാണത്. ടവർ ബ്രിഡ്ജ് നടന്നു കയറിയാൽ അക്കരെ ലണ്ടൻ മേയറുടെ ഓഫീസ്. വല്യ ബോട്ടുകൾ പോവാൻ വേണ്ടി ആ പാലം നടുവേ പൊക്കും.

ഒക്സ്ഫൊർഡ് സർക്കസ് ആണ് ലണ്ടന്റെ ഏറ്റവും വലുതും തിരക്കേറിയതും ആയ ഷോപ്പിംഗ് വീഥി. ജനസാഗരം ഒഴുകുകയായിരിക്കും എപ്പോഴും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന സഞ്ചാരികളാണ് ഭൂരിഭാഗവും.

ട്യൂബ് അഥവാ അണ്ടർ ഗ്രൗണ്ട് റെയിൽവേയാണ് മറ്റൊരു മുഖമുദ്ര. ലണ്ടന്റെ മറ്റൊരു അത്ഭുതം. ലണ്ടൻ നഗരത്തിൽ മാത്രം 400 കിലോമീറ്റർ തലങ്ങും വിലങ്ങും നഗരത്തിന്റെ അടിയിലൂടെ ആരും കാണാതെ പായുന്ന ട്രെയിനുകൾ. ആറ് നിലകൾ, പതിനൊന്നു ലൈനുകൾ, 250 ഓളം സ്റ്റേഷൻ, ഓരോന്നും പല നിലകളിൽ ആയി പല വഴിക്ക്. ലണ്ടന്റെ മുക്കിലും മൂലയിലും വരെ




ഒരു ട്യൂബ് സ്റ്റേഷൻ കാണാം. ലണ്ടന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ പോകാൻ പരമാവധി ഒരു മണിക്കൂർ മാത്രം മതി. രണ്ടു ട്യൂബ് തമ്മിൽ രണ്ടു മിനിറ്റ് വ്യത്യാസമേ ഉള്ളു. ട്യൂബ് മിസ്സ് ആയി എന്ന് ആരും ഇന്നു വരെ ഒരിക്കലും പരാതി പറഞ്ഞു കാണില്ല. ഓരോ ലൈനും എങ്ങോട്ടേക്ക് പോകുന്നു എന്ന് എല്ലാ സ്റ്റേഷനിലും, ട്യൂബിലും കൃത്യമായി എഴുതി വച്ചിട്ടുണ്ട്. ഓരോ ലൈൻ ഓരോ പേരിലും ഓരോ നിറങ്ങളിലും കൃത്യമായി മാപ്പുകളിൽ വ്യക്തമായി രേഖപ്പെടുത്തി ഇരിക്കുന്നു. റെയിൽവേയുടെ കാര്യത്തിൽ ബ്രിട്ടൻ കഴിഞ്ഞേ ലോകത്തിൽ ആരുമുള്ളു. ഇന്ത്യയടക്കമുള്ള കൊളോണിയൽ രാജ്യങ്ങളിൽ അവർ റെയിൽവേ ഫലപ്രദമായി നടത്തിയിരുന്നുവെന്നതും ഓർക്കണം.

ഓക്സ്ഫോർഡ് സർക്കസ് സ്റ്റേഷനിൽ നിന്ന് രണ്ടാം നിലയിൽ ഉള്ള പിക്കടലി ലൈൻ ട്യൂബ് വഴി കാനോൻ സ്ട്രീറ്റ് എന്ന സ്റ്റേഷനിൽ ഇറങ്ങാം. അവിടുന്ന് അഞ്ചാം നിലയിൽ ഉള്ള വാട്ടർ ലൂ എന്ന ലൈൻ പിടിച്ചു ഗ്രീൻ വിച്ചിലേക്കു പോകാം. അര മണിക്കൂർ കൊണ്ട് ഗ്രീൻ വിച്ച് മെർഡിയൻ ഒബ്സേർവറ്ററിയുടെ മുന്നിലെത്തും. അവിടെ നിന്ന് അഞ്ചാറ് ട്യൂബ് മാറി കയറി വെസ്റ്റ് മിനിസ്റ്റെർ അബ്ബെ എന്ന പള്ളിയുടെ മുന്നിലുമെത്താം.

ലോർഡ്സ്, വിംബിൾഡെൻ, ചെൽസി സ്ട്രാംഫോർഡ് ബ്രിഡ്ജ്, അർസെനൽ ക്ലബ്ബിന്റെ എമിരേറ്റ്സ് സ്റ്റേഡിയം, ഇവയെല്ലാം ബിഗ് ബസിൽ ഇരുന്നു തന്നെ ഒരു സഞ്ചാരിക്കും കാണാം. രാത്രി സമയത്ത് തെംസ് നദിയുടെ തെക്കേകരയിൽ! 135 മീറ്റർ ഉയരത്തിൽ പടർന്ന് പന്തലിച്ച് നിൽക്കുന്ന ലണ്ടൻ ഐയിലെ വെളിച്ചം വീക്ഷിക്കാം. തെംസ് നദിയിൽ വർണ്ണ ചിത്രമാണ് പലപ്പോഴും ബ്രിട്ടന്റെ സാമ്രാജ്യത്തിന്റെ സമകാലിക പ്രതീകമായി ലോകമെങ്ങും വിടർന്നു നിൽക്കുന്നത്.

ടിക്കറ്റെടുത്ത് ലണ്ടൻ ഐയുടെ ട്യൂബുകളൊന്നിൽ കയറാം. ആളുകൾ കയറുന്നതിനനുസരിച്ച് അതിന്റെ വീൽ കറങ്ങും. കറങ്ങി കറങ്ങി അങ്ങ് മുകളിലെത്തിയപ്പോൾ ലണ്ടൻ സിറ്റി മുഴുവനായും ഒരു മനോഹര ദൃശ്യമായി മുന്നിൽ തെളിയും.

ലണ്ടൻ ഐയിൽ നിന്നിറങ്ങിയാൽ ബിഗ് ബെൻ ഉണ്ട്. വെസ്റ്റ് മിനിസ്റ്റർ പാലസിനോട് (ഇപ്പോൾ ഹൗസസ് ഓഫ് പാർലമെന്റ് എന്നറിയപ്പെടുന്നു) ചേർന്ന് നിൽക്കുന്ന ബിഗ് ബെൻ ഒരു ലാന്റ് മാർക്ക് എന്നതിലുപരി ഈ അടുത്ത കാലത്ത് വരെ ലോകത്തിലെ ഏറ്റവും വലിയ ക്ലോക്ക് ടവറുകൂടിയായിരുന്നു. (ഈയിടെ സൗദിയിലെ മക്കായിൽ പണികഴിപ്പിച്ച ക്ലോക്ക് ടവർ ഇതിനെ പിന്നിലാക്കി). കാലങ്ങളായി വെസ്റ്റ് മിനിസ്റ്റർ നിവാസികളുടെ രാവും പകലും വിളിച്ചറിയിച്ചുകൊണ്ടിരിക്കുന്ന ഗോപുരമണിയാണത്.

ഇവിടെ ഭിക്ഷാടനം നമ്മുടെ നാട്ടിലെപോലെ അധികമില്ലെങ്കിലും, അങ്ങിങ്ങായി കാണാം. അവർക്കുമൊരു പ്രത്യേകതയുണ്ട്. വെറുതെ നമ്മുടെ അടുത്ത് വന്ന് അവർ യാചിക്കില്ല പകരം അവരേതെങ്കിലുമൊരു മ്യൂസിക്കൽ ഉപകരണം വായിച്ചുകൊണ്ട് തെരുവോരത്തായി സ്ഥാനമുറപ്പിക്കും. അവരെ കടന്നുപോകുന്നവർ ചില്ലറ പൈസ അവർക്കിട്ടുകൊടുക്കും. യാചിക്കുന്ന സ്വഭാവം എവിടെയും കാണാൻ കഴിയില്ല.

ഇവിടെ ട്രെയിനുകളിൽ കൂടുതലും അണ്ടർ ഗ്രൗണ്ട് ട്യൂബുകളാണ്. ടിക്കറ്റ് കൗണ്ടറിൽ ചെന്ന് ടിക്കറ്റെടുത്ത ശേഷം എസ്കലേറ്റർ വഴി രണ്ട് നില താഴേക്ക് ഇറങ്ങി വേണം ട്യൂബിൽ കയ

റാൻ. ട്യൂബിന്റെ അകത്ത് കയറിയാൽ ഒരു ഫ്ളൈറ്റിലെന്ന പോലെ മനോഹരമായ ക്രമീകരണങ്ങളാണ്. ലണ്ടൻ നഗരത്തിലെ പ്രധാനപ്പെട്ട കാഴ്ചകളെക്കുറിച്ചുള്ള ഏകദേശ വിവരണമാണിത്.

ലണ്ടന്റെ പ്രാന്തപ്രദേശങ്ങളിൽ ഏറെയും ചരിത്രാവശിഷ്ടങ്ങളാണുള്ളത്. പന്ത്രണ്ടാം നൂറ്റാണ്ടിൽ പണികഴിപ്പിച്ച ഗിൽഫോർഡ് കാസിൽ (കോട്ട) കാണേണ്ട കാഴ്ചയാണ്. മനുഷ്യന്റെ കരങ്ങളാൽ വ്യണപ്പെടാത്ത പ്രകൃതിയിലൂടെയുള്ള ഒരുപിടി നല്ല ഓർമ്മകളാണ് ഇവിടെയൊക്കെ കിട്ടുക. പ്രകൃതി സംരക്ഷണത്തിന്റെ ഉത്തമ ഉദാഹരണങ്ങളായി ഇവ നിലനിൽക്കുന്നു.

സൂര്യൻ അസ്തമിക്കാത്ത ഈ സാമ്രാജ്യത്തിന്റെ സിരാകേന്ദ്രമായ തെംസിനെ ലണ്ടനിൽ എവിടെ നിന്നാലും കാണാം. തെംസ് നദിയില്ലാതെ ബ്രിട്ടീഷ് ചരിത്രമില്ല. ഈ ജലപാത അതിന്റെ നാഡിവ്യൂഹമാണ്. ലോകചരിത്രവും ഭൂപടവും തിരുത്തിക്കുറിച്ച പല പടയോട്ടങ്ങളുടെയും പ്രഭവസ്ഥാനമായ പുരാതന ലണ്ടൻ തുറമുഖം സ്ഥിതിചെയ്യുന്ന നദി. ഇംഗ്ലണ്ടിന്റെ തെക്ക് ഭാഗത്തുകൂടി ഒഴുകുന്ന നദിയാണ് തെംസ്. ഇംഗ്ലണ്ടിലെ ഏറ്റവും നീളമുള്ളതും, യുണൈറ്റഡ് കിങ്ഡത്തിലെ രണ്ടാമത്തെ ഏറ്റവും നീളം ഉള്ളതും ആണ് ഇത്.

വെസ്റ്റ് മിനിസ്ടർ എന്ന സ്ഥലത്തു ട്രെയിൻ ഇറങ്ങിച്ചെന്നാൽ 1859-ൽ 96 മീറ്റർ ഉയരത്തിൽ ഗോതിക് റിവൈവൽ നിർമ്മാണശൈലിയിൽ പണിതീർത്ത ലണ്ടന്റെ സമയമാപിനിയായ ബിഗ്ബെൻ കാണാം. അതിന്റെ നേരെ എതിർഭാഗത്തു നദിയുടെ വടക്കേക്കരയിൽ 135 മീറ്റർ ഉയരത്തിൽ 2000-ൽ പണി തീർത്ത ലണ്ടൻ ഐ എന്ന ഭീമാകാരനായ ചക്രം. നദിയുടെ വിക്ടോറിയ എംബാങ്ക്മെന്റ് എന്ന നടപ്പാതയിൽ യുദ്ധത്തിൽ കൊല്ലപ്പെട്ട ഭടന്മാരുടെ രണ്ടു സ്മാരകങ്ങൾ ഉണ്ട്.



അടുത്തായി നാഷണൽ ആർട്ട് ഗാലറി കാണാം. വിശാലമായ അതിന്റെ അങ്കണം ട്രഫല്ഗർ സ്ക്വയർ എന്നറിയപ്പെടുന്നു. മുമ്പു കിംഗ് വില്ല്യം നാലാമൻ സ്ക്വയർ എന്നായിരുന്നു പേര്. നെപ്പോളിയനെ 1805-ൽ തോല്പിച്ചതോടെ ഈ പേരിടുകയായിരുന്നു. നടുവിൽ നാലു സിംഹങ്ങൾക്കു മധ്യത്തായി നെൽസൻസ് കോളം എന്ന വലിയ സ്തൂപം. പല വീരന്മാരുടെയും പൂർണ്ണകായപ്രതിമകൾ, വലിയ ജലധാരയന്ത്രങ്ങൾ. ഇവിടെയാണ് നാട്ടിലെ സമ്മേളനങ്ങൾ, പ്രക്ഷോഭങ്ങൾ അരങ്ങേറുന്നത്. പത്രക്കാരും ചാനൽകാരുമൊക്കെ ഇവിടെയെത്തും. ആകെ ഇവർ ചെയ്യുന്ന ക്രൂരകൃത്യം ഇവിടുത്തെ കൃത്രിമജലാശയങ്ങളിൽ സോപ്പുപൊടി ഇടുന്നതു മാത്രം. ഈ ജലധാരയന്ത്രങ്ങൾ ഒക്കെ പിന്നെ പത ചീറ്റും. ലണ്ടന്റെ ഹൃദയഭാഗമായതിനാൽ പുതുവർഷപ്പുലരിയും ഇവിടെത്തന്നെ കൊണ്ടാടുന്നു.

അമേരിക്കൻ പ്രസിഡണ്ട് ആയിരുന്ന ജോർജ് വാഷിങ്ങ്ടന്റെ പ്രതിമയും അവിടെ കാണാം. ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് ഉത്തരവിട്ട ജനറൽ ഡയറിന്റെ പ്രതിമയും ഇവിടെ സ്ഥാപിച്ചിരിക്കുന്നു. തൊട്ടടുത്തു തന്നെ മഹാത്മാഗാന്ധിജിയുടെ പ്രതിമയും. ചരിത്രത്തിന്റെ വിരോധാഭാസം.

അങ്കണം രണ്ടു തട്ടായിട്ടാണ്. മുകളിലത്തെ തട്ടിൽ വിചിത്രവേഷഭൂഷാദികൾ അണിഞ്ഞു ചില കലാകാരന്മാർ അവരുടെ വിദ്യകൾ പ്രദർശി

പ്പിച്ച് പണം വാരുന്നു. ഹർമ്മോണിയം, ഗിറ്റാർ, ബാഗ് പൈപ്പ്, വയലിൻ തുടങ്ങിയവ ചിലർ മീട്ടുന്നു. ചിലർ അഭ്യാസം കാട്ടുന്നു. പല സ്ഥലത്തും ഇതൊക്കെ കാണാം.

## ലണ്ടൻ ഐ

ലോകത്തിലെ ഏറ്റവും വലിയ നിരീക്ഷണചക്രമാണ് ലണ്ടൻ ഐ. ലണ്ടനിൽ തെംസ് നദിയുടെ തീരത്താണ് ഇത് സ്ഥിതി ചെയ്യുന്നത്. 135 മീറ്റർ ആണ് ഉയരം. തെളിഞ്ഞ അന്തരീക്ഷമാണെങ്കിൽ 45 കിലോമീറ്റർ ദൂരത്തൊളം ഇതിൽ നിന്നും കാണാൻ കഴിയും. ഇതിലുള്ള 32 ക്യാപ്‌സൂൾ ആകൃതിയുള്ള മുറികൾ എല്ലാം ശീതീകരിച്ച ഭദ്രമാക്കിയവയാണ്. ഓരോ മുറിയും 25 പേർക്ക് നിൽക്കാനും ഇരിക്കാനും കഴിയുന്ന രീതിയിലാണ് ഒരുക്കിയിട്ടുള്ളത്. മണിക്കൂറിൽ 900 മീറ്റർ വേഗതയിൽ തിരിയുന്ന ഈ ചക്രം, മുപ്പതു മിനിറ്റു കൊണ്ട് ഒരു കറക്കം പൂർത്തിയാക്കുന്നു. ചെറിയ വേഗതയിലെ ഈ കറക്കം കാരണം ആളുകൾ കയറാൻ ഇതു സാധാരണ നിർത്താറില്ല; കറങ്ങിക്കൊണ്ടിരിക്കേ ആളുകൾ ഇതിൽ കയറുകയാണ് പതിവ്.

സാധാരണ ഒബ്‌സേർവറിനെ വ്യത്യസ്തമായി 360 ഡിഗ്രീയിൽ ചുറ്റുപാടുകൾ വീക്ഷിക്കാനുള്ള സവിധാനം ലണ്ടൻ ഐയ്ക്ക് ഉണ്ട്. ഇതിന്റെ ഉദ്ഘാടനം 1999 ഡിസംബർ 31-നു രാത്രി 8 മണിക്കായിരുന്നു. അതുകൊണ്ട് ഇതിനെ മില്ലേനിയം വീൽ എന്നും വിളിക്കാറുണ്ട്. ഒരു തവണ ഇതു സന്ദർശിക്കാൻ 1200 രൂപയാണു ഫീസ്. എന്നിട്ടും വർഷം തോറും 35 ലക്ഷം ആളുകൾ ഇതിൽ കയറാറുണ്ട് (ഒരു ദിവസം ശരാശരി 10,000 ആളുകൾ). ഇതുവരെ നാല് കോടി പേർ ലണ്ടൻ ഐയിൽ കയറിയിട്ടുണ്ടെന്നാണ് അനുമാനം.

ഇംഗ്ലണ്ടിന്റെ തെക്ക് ഭാഗത്തുകൂടി ഒഴുകുന്ന നദിയാണ് തെംസ്. ഇംഗ്ലണ്ടിലെ ഏറ്റവും നീളമുള്ളതും, യുണൈറ്റഡ് കിങ്ഡത്തിലെ രണ്ടാമത്തെ ഏറ്റവും നീളമുള്ളതും ആണിത്. ഗ്ലൌസെസ്റ്റർഷൈർ, വിൽറ്റ്ഷൈർ, ഒക്സ്ഫോർഡ്ഷൈർ, ബെർക്‌ഷെയർ, ബക്കിങ്ഹാംഷൈർ, സ്സറി, എസ്സെക്സ്, കെന്റ് എന്നീ പ്രവിശ്യകളിലൂടയാണ് തെംസ് ഒഴുകുന്നത്. 346 കിലോമീറ്ററാണ് ഇതിന്റെ നീളം. വെസ്റ്റ്മിൻസ്റ്റർ പാലം മുതൽ ലണ്ടൻ പാലം (ലണ്ടൻ ബ്രിഡ്ജ്), തെംസിൻെറ തീരത്ത് കൂടെ നടക്കാം. ഈ പാതക്ക് ക്യൂൻസ് വാക്ക് എന്ന് പേര്. സൗത്ത് ബാങ്ക് വാക്ക് എന്നും വിളിക്കും. 1977-ൽ എലിസബത്ത് രാജ്ഞിയുടെ അധികാരസ്ഥാനാരോഹണത്തിൻെറ ഭാഗമായാണ് പാത ശരിക്കും വികസിക്കപ്പെടുന്നത്. 1990-ൽ ലണ്ടൻ ബ്രിഡ്ജ് സിറ്റിയുടെ നിർമാണം പൂർത്തിയായതോടെ പാത പൂർണമായും സജ്ജമായി. രണ്ടുമണിക്കൂർ വേണം ഒരറ്റം മുതൽ മറ്റേയറ്റം വരെ നടക്കാൻ. വേഗത്തിലാണെങ്കിൽ 45 മിനിറ്റ്. ഏകദേശം 4.3 കിലോമീറ്റർ. ക്യൂൻസ് വാക്ക് കാഴ്ചയുടെ സമൃദ്ധിയാണ്. കഫേകൾ, ബാറുകൾ, തീയേറ്ററുകൾ, ചരിത്ര സ്മാരകങ്ങൾ എന്നിങ്ങനെ വിവിധ കാഴ്ചകളാണ് ആധുനിക ലണ്ടൻ ബേ ലോകത്തിനു സമ്മാനിക്കുന്നത്.

ബ്രിട്ടീഷ് പാർലമെന്റ് മന്ദിരത്തിന് സമീപത്തെ വെസ്റ്റ്മിൻസ്റ്റർ പാലത്തിൽ നിന്നാണ് നടക്കാൻ തുടങ്ങുന്നത്. ക്യൂൻസ് വാക്കിന്റ തുടക്കത്തിന് സമാന്തരമായി മറുകരയിൽ തിരക്കാണ്. വലിയ യാനങ്ങൾ ആളുകളെയകറ്റിയും ഇറക്കിയും നീങ്ങുന്നതും ഇവിടെ നിന്നാൽ കാണാം. ലണ്ടനിൽ ജലമാർഗവും പ്രധാനമാണ്. ഇംഗ്ലണ്ടിലെ പ്രമുഖ വാണിജ്യ ജലപാതകളിൽ ഒന്നാണ് തെംസ്. യാത്രാബോട്ടുകൾക്ക് പുറമെ സവാരിബോട്ടുകളുമുണ്ട്. 1862-ൽ തുറന്ന വെസ്റ്റ്മിൻസ്റ്റർ പാലമാണ് ആദ്യത്തെ കാഴ്ച. അതിന്റെ തീരത്ത് 13 ടൺ ഭാരവും 150 വർഷം പഴക്കമുള്ള സിംഹ പ്രതിമകൾ. അടുത്തായി ലണ്ടൻ ഹൈ വീൽ കൗണ്ടി ഹാൾ. 1922-ൽ പണിതതാണിത്. ഒരർഥത്തിൽ ക്യൂൻസ് വാക്കിൻെറ തുടക്കത്തിൽ തന്നെയാണ് ലണ്ടൻ ഐ. ക്യൂൻസ് വാക്കിലെ അടുത്ത ആകർഷണം ക്യൂൻസ് ജൂബിലി ഫുട് ബ്രിഡ്ജാണ്. പിന്നീട് സൗത്ത് ബാങ്ക് സെന്ററിലേക്ക്. റോയൽ ഫെസ്റിൽവ ഹാൾ, ഹേവാർഡ് ഗാലറി, പുർസെൽ പോയട്രി ലൈബ്രറി എന്നിവയുണ്ടിവടെ. പ്രശസ്തമായ ദ റോയൽ നാഷണൽ തീയേറ്ററും ഇവിടെ തന്നെ. തീയേറ്ററിനു മുന്നിൽ ഒരു കൂട്ടമാൾക്കാർ വിവിധ വാദ്യോപകരണങ്ങളുമായി സംഗീതമവതരിപ്പിക്കുന്നു. വർഷം ഇരുപത് നാടകങ്ങളിലേറെ ഈ തീയേറ്ററിൽ അവതരിപ്പിക്കുന്നു. തൊട്ടടുത്തു കാണാം ഓക്സോ ഗോപുരം. ഒരു കാലത്ത് ലണ്ടനിലെ രണ്ടാമത്തെ ഏറ്റവും ഉയരം കൂടി വാണിജ്യ കെടിട ഗബ്രിയേൽ വാർഫ് ഇവിടെ അടുത്താണ്. മദ്ധ്യകാല ലണ്ടനിലെ ഏറ്റവും ശക്തനായ ബിഷപ്പിന്റെ ആസ്ഥാനമായിരുന്നു വിഞ്ചസ്റ്റർ കൊട്ടാരവും ഇവിടെയടുത്തു തന്നെയാണ്. ചരിത്രാവശിഷ്ടമായിം സംരക്ഷിച്ചിരിക്കുകയാണെങ്കിലും ഇപ്പോഴും അതിന്റെ പ്രൗഢി തെളിഞ്ഞു നിൽക്കുന്നു.

420 ലേറെ വർഷം പഴക്കമുള്ള ഷേക്സ്പിയർസ് ഗ്ളോബ് തീയേറ്ററാണ് ക്യൂൻസ് വാക്കിലെ പ്രധാന ആകർഷണം. മിക്കവാറും ദിവസങ്ങളിൽ പ്രദർശനമുണ്ട്. ജൂലിയസ് സീസർ, കിംഗ് ലിയർ നാടകങ്ങളുടെ പ്രദർശനമുണ്ടെന്നറിയിച്ച് പോസ്റ്റുകൾ തീയേറ്ററിൻെറ ചുമരിൽ കാണാം. ക്യൂൻസ് വാക്കിലെ മികച്ച കാഴ്ച 2000 ൽ തുറന്ന മില്ലേനിയം കാൽനടപ്പാലമാകും. ഇത് തെംസിൻെറ ദക്ഷിണ തീരത്തെ നഗരവുമായി ബന്ധിപ്പിക്കുന്നതാണ്. ഇതിലൂടെ സെന്റ് പോൾ കത്തീഡ്രലിലേക്ക് പോകാം. കത്തീഡ്രലിന് 604 എ.ഡിയോളം പഴക്കമുണ്ട്. 1710-ൽ കത്തീഡ്രൽ പുതുക്കിപ്പണിതു. 1666-ൽ ലണ്ടനിലെ വിഴുങ്ങിയ തീയിയിൽ കത്തീഡ്രൽ തകർന്നു. കത്തീഡ്രലിന്റെ പ്രശസ്തിയിൽ 1981-ൽ ചാൾസും ഡയനായും വിവാഹിതരായതിവിടെയാണെന്ന് എഴുതിചേർത്തിട്ടുണ്ട്.




മൈതാനം
റയൻ ജോസഫ്


# കേരള ബ്ലാസ്റ്റേഴ്സ്
## ആദ്യ 14 മത്സരങ്ങൾ പിന്നിടുമ്പോൾ

പോയമാസം 27 വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ, 14 മത്സരങ്ങളിൽ മൂന്ന് ജയവും 5 സമനിലയും 6 തോൽവിയുമാണ് ബ്ലാസ്റ്റേഴ്സിനുള്ളത്. പുതുവർഷത്തിന്റെ തുടക്കത്തിൽ ഹൈദരാബാദിനെതിരെ അഞ്ച് ഗോളുകൾ അടിച്ചുകൂട്ടിയ ബ്ലാസ്റ്റേഴ്സ്, ഈ സീസണിൽ ഹൈദരാബാദിനും കൊൽക്കത്തയ്ക്കും എതിരെ മാത്രമാണ് ഇതുവരെ വിജയിച്ചിട്ടുള്ളത്. ഒക്ടോബർ ഇരുപതിന് കോൽക്കത്തക്കെതിരെ നടന്ന സീസണിലെ ആദ്യ മത്സരത്തിൽതന്നെ ജയത്തോടെ തുടങ്ങിയെങ്കിലും പിന്നീടിങ്ങോട്ട് ഒട്ടും സുഗമമല്ലായിരുന്നു ഈ സീസൺ. പട്ടികയിൽ മൂന്നാം സ്ഥാനത്തുള്ള ബാംഗളൂർ എഫ്സി ഈ സീസണിൽ ആകെ സ്കോർ ചെയ്തത് ഇതുവരെ പതിനെട്ട് ഗോളുകൾ മാത്രം. ബ്ലാസ്റ്റേഴ്സ് ആകട്ടെ 20 ഗോളുകൾ. എന്നിട്ടും പോയിന്റ് ടേബിളിലെ ഈ വലിയ അന്തരം എന്തുകൊണ്ടെന്ന് പരിശോധിക്കുമ്പോൾ, കളിയുടെ അവസാന നിമിഷങ്ങളുൾപ്പെടെ പല മത്സരങ്ങളിലായി വാങ്ങിക്കൂട്ടിയ ഗോളുകൾ ശ്രദ്ധിക്കപ്പെടുന്നു. ഇവിടെയാണ് പ്രതിരോധനിര എത്രമേൽ പ്രധാനം എന്ന് മനസിലാകപ്പെടുന്നത്. ഏറെ പരിചയസമ്പത്തുള്ള മുൻ ടീം ക്യാപ്റ്റൻ സന്ദേശ് ജിങ്കന്റെ അഭാവം ഒരുപക്ഷേ ഇല്ലായിരുന്നെങ്കിൽ, മറ്റൊന്നാകുമായിരുന്നേനെ തൽസ്ഥിതി. കണക്കുകളിൽ മൂന്നാം സ്ഥാനത്തുള്ള ബാംഗളൂർ എഫ്സിയേക്കാൾ ഒട്ടും പുറകിലല്ല ബ്ലാസ്റ്റേഴ്സ്. ചെറിയ ചെറിയ പിഴവുകൾ പ്രതിരോധനിരയിലുൾപ്പെടെ പലവട്ടം ആവർത്തിച്ചപ്പോൾ വലിയ വില കൊടുക്കേണ്ടിവരുന്നു എന്ന് മാത്രം. ഒന്നാം സ്ഥാനത്ത് ഗോവയ്ക്കൊപ്പം മത്സരിക്കുന്ന ടീമാണ് കോൽക്കത്ത. സീസണിൽ നേർക്കുനേർ ഏറ്റുമുട്ടിയ രണ്ട് മത്സരങ്ങളിലും ബ്ലാസ്റ്റേഴ്സിനെ തോൽപ്പിക്കാൻ അവർക്കായിട്ടില്ല. ഇതിൽ കോൽക്കത്തയെ അമ്പരപ്പിച്ച, കളിയുടെ തൊണ്ണൂറാം മിനിറ്റിലെ ഓഫ് സൈഡ് ട്രാപ്പും ഉൾപ്പെടുന്നു. അവസാന നിമിഷങ്ങളിൽ ഗോൾ വഴങ്ങി ശീലമുള്ള ബ്ലാസ്റ്റേഴ്സിന്റെ ഓഫ്






സൈഡ് ട്രാപ്പ്, സോഷ്യൽ മീഡിയയിലുൾപ്പെടെ ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഗോവയാണ് കണക്കുകളിൽ പലതിലും മറ്റു ടീമുകളുമായി താരതമ്യം ചെയ്യുമ്പോൾ മുമ്പന്തിയിൽ. 14 മത്സരങ്ങളിൽ നിന്നായി 28 ഗോളുകൾ. ഗോൾ പോസ്റ്റിനുനേരെ തൊടുത്തത് എഴുപത്തിരണ്ട് തവണ. 24 ഗോളുകളും, 60 ഷോട്ട് ഓൺ ടാർഗറ്റും കണക്കുകളിൽ ഉള്ള കോൽക്കത്ത ഗോളുകൾ പ്രതിരോധിക്കുന്ന ശൈലിയുടെ മികവിൽ ഗോവയുമായി ബഹുദൂരം മുന്നിലാണ്. 636, 458 എന്നിങ്ങനെയാണ് യഥാക്രമം കൊൽക്കത്തയുടെയും ഗോവയുടെയും ക്ലിയറൻസ് കണക്കുകൾ. ബ്ലാസ്റ്റേഴ്സിനാകട്ടെ 486. 2014, 2016 സീസണുകളിൽ കൊൽക്കത്തക്കെതിരെ ഫൈനൽ കളിച്ച് രണ്ടാം സ്ഥാനംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നവരാണ് ബ്ലാസ്റ്റേഴ്സ്. ഇക്കുറിയാകട്ടെ, ജയിച്ച മൂന്ന് മത്സരങ്ങളിൽ രണ്ടും കൊൽക്കത്തക്കെതിരെ. കണക്കുകളിൽ ഒട്ടും മോശക്കാരല്ലെങ്കിലും പ്രതാപകാലം തിരിച്ചെടുക്കാൻ ഭാഗ്യം തുണയില്ലാതായിരിക്കുന്നു ഈ സീസണിലും പല തവണ. വരും സീസണുകളിലാണെങ്കിൽ പോലും തിരിച്ചുവരവ് ബ്ലാസ്റ്റേഴ്സ് ഗംഭീരമാക്കുമെന്ന് തന്നെ പ്രതീക്ഷിക്കാം.

## Standings

View full Table >

| POS | CLUB | M | W-D-L | GD | PTS |
|---|---|---|---|---|---|
| 1. | ATK FC | 14 | 8-3-3 | 14 | 27 |
| 2. | FC Goa | 14 | 8-3-3 | 10 | 27 |
| 3. | Bengaluru FC | 14 | 7-4-3 | 9 | 25 |
| 4. | Odisha FC | 14 | 6-3-5 | 0 | 21 |
| 5. | Mumbai City FC | 14 | 5-5-4 | -2 | 20 |
| 6. | Chennaiyin FC | 13 | 5-3-5 | 0 | 18 |
| 7. | Jamshedpur FC | 13 | 4-4-5 | -4 | 16 |
| 8. | Kerala Blasters FC | 14 | 3-5-6 | -1 | 14 |
| 9. | NorthEast United FC | 12 | 2-5-5 | -8 | 11 |
| 10. | Hyderabad FC | 14 | 1-3-10 | -18 | 6 |





## അറിയപ്പെടാത്തവന്റെ ആത്മഗീതം
## കഥാസമാഹാരം

# വൈവിധ്യങ്ങളുടെ കഥാപ്രപഞ്ചം

**ശിവൻ കരാഞ്ചിറ**

ബാലകൃഷ്ണൻ വെന്നിക്കൽ എന്ന ചെറുകഥാകൃത്തിനെ വായനക്കാർക്ക് പരിചയപ്പെടുത്തുക എന്നത് ഒരപരാധമായി അസ്മാദൃശർക്കെങ്കിലും തോന്നാം. കാരണം എത്രയോ കാലമായി അദ്ദേഹം കഥകളെഴുതുന്നു. കുങ്കുമം വാരികയിലും മലയാള മനോരമ ആഴ്ചപ്പതിപ്പിലും അദ്ദേഹത്തിന്റെ കഥകൾ പ്രസിദ്ധീകരിച്ചു വന്നിരുന്ന കാലം ഓർമ്മയിലുണ്ട്. സ്മരണികകളിലും ഒട്ടനവധി ആനുകൂലികങ്ങളിലും അദ്ദേഹം എഴുതുമായിരുന്നു. തൃപ്രയാറിൽ നടന്നുവന്നിരുന്ന വിദ്യാരംഭ ദിനാഘോഷത്തോടനുബന്ധിച്ച് അദ്ദേഹം കഥാവതരണങ്ങൾ നടത്തിയിരുന്നു. എന്നിട്ടും പുതിയ തലമുറ അദ്ദേഹത്തെ വേണ്ടത്ര അറിയുന്നില്ല. രചനാരംഗത്ത് നിരന്തര സാന്നിധ്യമാകാൻ ശ്രമിക്കാതിരുന്നതാണോ കാരണം? അതും ഒരു കാരണമാകാമെന്നേയുള്ളൂ. ഔദ്യോഗിക കൃത്യനിർവ്വഹണവും കൗഡുംബികവും വ്യക്തിപരവുമായ കാര്യങ്ങളുമൊക്കെ സാഹിത്യമേഖലയിലെ നൈരന്തര്യം നിലനിർത്താൻ അദ്ദേഹത്തിന് തടസ്സമായിട്ടുണ്ടാകാം. തന്നെത്തന്നെ മഹാസാഹിത്യകാരനായി കണക്കാക്കി സ്വയം വിളംബരം ചെയ്യുന്ന പൊങ്ങച്ചക്കാരേറെയുള്ള സാഹിത്യരംഗത്ത് സാഹിതീസേവനം ഒരു നിശ്ശബ്ദചര്യയായി ആത്മസംതൃപ്തിയേക്കാൾ വലിയ നേടങ്ങളൊന്നും പ്രതീക്ഷിക്കാതിരുന്ന ഒരു വ്യക്തിത്വത്തിനുടമയായിരുന്നു ശ്രീ. ബാലകൃഷ്ണൻ എന്ന് വ്യക്തിപരിചയം നമ്മളോട് പറയുന്നുണ്ട്. ഈ ജീവിതസായാഹ്നത്തിൽ തന്റെ ആദ്യകൃതി പ്രസിദ്ധീകരിക്കാനൊരുങ്ങുന്നത് അഭ്യുദയകാംക്ഷികളുടെ പ്രേരണയും പ്രോത്സാഹനവും നിമിത്തമാണെന്ന് ഈ പുസ്തകത്തിന്റെ മുഖവുരയിൽ അദ്ദേഹം കുറിച്ചിടുന്നുമുണ്ട്. ഏകപുത്രന്റെ അകാലനിര്യാണത്തിൽ വ്യാകുലനായ അദ്ദേഹം ആ ദുഃഖാനുഭവത്തിന്റെ തീവ്രശോകത്തിൽനിന്ന് വിമുക്തനാവുന്നതിനു മുമ്പാണ് തന്റെ നിരവധി ചെറുകഥകളിൽനിന്ന് തിരഞ്ഞെടുത്ത പതിനഞ്ച് കഥകൾ പുസ്തകരൂപത്തിൽ പുറത്തിറക്കുന്നത്.

ഈ കഥകളിലൂടെ കടന്നുപോകുമ്പോൾ നമ്മെ വിസ്മയിപ്പിക്കുന്നത് കഥാപശ്ചാത്തലത്തി




ന്റേയും കഥകളുടേയും വൈവിധ്യമാണ് വ്യത്യസ്തമേഖലകളിൽ പ്രവർത്തനനിരതനായ ഒരസുലഭ വ്യക്തിത്വത്തിന് ഉടമയാണദ്ദേഹം. തൊഴിൽ മേഖലകളിൽ അദ്ദേഹം സൈനികനായിരുന്നു. മികച്ച ഗായകനും ചിത്രകാരനുമാണ്. കഥപറയാനുള്ള വൈദഗ്ധ്യവും അദ്ദേഹത്തിനുണ്ട്. എടുത്തുപറയേണ്ട മറ്റൊരു കാര്യം ഇക്കാലത്ത് ഏറെപ്പേർക്കില്ലാത്ത ഒരു ഗുണമാണ്. ആഴത്തിലുള്ള വായനയാണത്. സംഗീതം, ചിത്രകല എന്നിവയിലൊക്കെ അഗാധജ്ഞാനമുള്ള ഒരാളാണ് കഥാകാരൻ. അദ്ദേഹത്തിന്റെ കഥകൾക്ക് പശ്ചാത്തലമാകുന്നത് ഏറെയും സംഗീതവും ചിത്രകലയും സൈനികാനുഭവങ്ങളുമാണ്. എന്നാൽ കഥകൾ ആ തല

ങ്ങളിലൊതുങ്ങിനിൽക്കുന്നില്ല. ഗ്രാമ്യജീവിതത്തിന്റെ നാനാതലങ്ങളിലേക്കും അദ്ദേഹത്തിന്റെ നിരീക്ഷണപാടവം കടന്നുചെല്ലുന്നു. ചാരുതയോടെ ചിത്രകാരന്റെ സൂക്ഷ്മതയോടെ നമ്മോട് കഥകൾ പറയുന്നു.

ഈ സമാഹാരത്തിലെ ആദ്യത്തെ കഥ ഗ്രാമ്യജീവിതത്തിന്റെ അറിയപ്പെടാത്ത മേഖലയിലേക്കാണ് വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നത്. മലയാളസാഹിത്യത്തിൽ ഏറെയൊന്നും പരാമർശിക്കപ്പെടാത്ത ഒരു ജീവിതചിത്രമാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. കലം നിർമിക്കുന്ന ജനവിഭാഗത്തിൽപ്പെട്ട ഒരാളുടെ ജീവിതവ്യഥകളാണ് ഇക്കഥയുടെ ഇതിവൃത്തം. കാലഗതിയിൽ കലം നിർമിക്കുന്നവരുടെ കുലത്തൊഴിൽ പ്രതിസന്ധിയിലായി. സ്റ്റീൽ-അലുമിനിയം പാത്രങ്ങൾ പ്രചാരത്തിൽ വന്നതോടെ മൺകലങ്ങൾക്ക് കഷ്ടകാലമായി. മൺപാത്രനിർമാണത്തൊഴിലാളികൾ ജീവസന്ധാരണത്തിന് മറ്റു തൊഴിൽ മാർഗങ്ങൾ തേടാൻ നിർബന്ധിതരായി. 'ചാണകവരടികൾ' എന്ന ആദ്യകഥയിലെ കേന്ദ്രകഥാപാത്രം കണ്ടെത്തുന്ന തൊഴിൽ മൃതശരീരങ്ങൾ സ്ഫുടം ചെയ്യുന്ന (ദഹിപ്പിക്കുന്ന) പണിയാണ്. അവിടേയും തൊഴിൽ സാധ്യതകൾക്ക് മങ്ങലേൽക്കുന്നു. ഒരു മരണം നടന്നു കിട്ടിയെങ്കിൽ എന്നയാൾ പ്രാർത്ഥിക്കുന്നുണ്ട്. ഒരു സുഹൃത്തിന്റെ മരണമായാണ് അയാൾക്ക് മുന്നിൽ പ്രാർത്ഥന ഫലവത്താകുന്നത്.

'മണ്ണംപേട്ടയുടെ സമരമുഖം' എന്ന കഥ ഒരേ സമയം യഥാതഥവും നർമപ്രധാനവുമാണ്. തെങ്ങുകയറ്റക്കാരുടെ ജീവിതമാണ് ഈ കഥയിൽ ആവിഷ്കരിക്കപ്പെടുന്നത്. അതോടൊപ്പം വരേണ്യവർഗം അടിസ്ഥാനവർഗത്തോട് പുലർത്തുന്ന അവജ്ഞയും മേധാവിത്വ മനോഭാവവും ഇവിടെ ചർച്ച ചെയ്യപ്പെടുന്നു. മലയാള കഥാസാഹിത്യത്തിൽ ഈ വിഭാഗത്തിന്റെ ജീവിതവും അത്രയൊന്നും ആവിഷ്കരിക്കപ്പെട്ടിട്ടില്ലെന്നതാണ് വസ്തുത. വരേണ്യവർഗത്തിൽപ്പെട്ട മോഹനനെ അടിസ്ഥാനവർഗത്തിൽപ്പെട്ട ഒരു യുവാവ് മോഹനേട്ടൻ എന്ന് വിളിച്ചതിലൂടെയാണ് പ്രശ്നങ്ങൾ ഉടലെടുക്കുന്നത്. മോഹനച്ചൻ എന്ന് വിളിക്കണമെന്നാവശ്യപ്പെട്ടായിരുന്നു മർദ്ദനം. കാര്യങ്ങൾ സമരത്തിന് വഴി വയ്ക്കുന്നു. പിന്നീട് മോഹനൻ ക്ഷമ പറയുകയും സമരം ഒത്തുതീർപ്പാവുകയും ചെയ്യുന്നു. മോഹനച്ചന് ജെയ് വിളിച്ചുകൊണ്ടാണ് അടിസ്ഥാനവർഗത്തിന്റെ വിജയാഹ്ലാദപ്രകടനമെന്നത്രേ കഥാന്ത്യം.

സൈനികനായിരുന്ന കഥാകൃത്തിന് സൈനികജീവിതത്തിന്റെ പശ്ചാത്തലത്തിൽ കഥ പറഞ്ഞേ ഒക്കൂ. ഈ സമാഹാരത്തിലെ എട്ട് കഥകളെങ്കിലും സൈനികജീവിത പശ്ചാത്തലത്തിൽ എഴുതപ്പെട്ടവയാണ്. അതിൽ 'അറിയപ്പെടാത്തവന്റെ ആത്മഗീതം' എന്ന കഥയിൽ അന്തർധാരയായി നിറഞ്ഞുനിൽക്കുന്നത് സംഗീതമാണ്.

മലയാള സാഹിത്യത്തിൽ പട്ടാളക്കാരന്റെ ജീവിതം അധികമൊന്നും ആവിഷ്കരിക്കപ്പെട്ടിട്ടില്ല. സൈനികജീവിതം നയിച്ച കോവിലൻ, നന്തനാർ, പാറപ്പുറത്ത്, ഏകലവ്യൻ തുടങ്ങി എത്രയോ പേർ മികച്ച സാഹിത്യകൃതികൾ രചിച്ചിട്ടുണ്ട്. 'തട്ടകം', 'ഉണ്ണിക്കുട്ടന്റെ ലോകം', 'അര നാഴിക നേരം' തുടങ്ങിയ കൃതികൾ പട്ടാളക്കഥകളല്ലല്ലോ. 'പണിതീരാത്ത വീട്' പട്ടാളക്കാരന്റെ ദയനീയ ജീവിതം ആവിഷ്കരിക്കുന്നുണ്ട്. 'എ മൈനസ് ബി' ആകട്ടെ തികച്ചും പട്ടാളക്കഥയാണ്. ക്യാപ്റ്റൻ ജയവർദ്ധനൻ തളിക്കുളത്തിന്റെ 'ഒലിവ് ഗ്രീൻ' നൂറ് ശതമാനം പട്ടാളക്കഥയാണ്. ഇന്ത്യ-ചൈന യുദ്ധം മുതൽ ശ്രീലങ്കയിലെ ശാന്തിസേനയുടെ പ്രവർത്തനം വരെയുള്ള ഒരു കാലഘട്ടത്തിന്റെ സൈനിക പ്രവർത്തനമാണ് ഈ നോവലിലെ പ്രതിപാദ്യവിഷയം.

മലയാറ്റൂരിന്റെ 'ബ്രിഗേഡിയർ കഥകൾ' പട്ടാളക്കാരന്റെ പൊങ്ങച്ചങ്ങൾ ഹാസ്യരൂപേണ അവതരിപ്പിക്കുന്ന കഥകളാണ്. സിനിമകളിലും നാടകങ്ങളിലും പട്ടാളക്കാർ ഏറെയും പൊങ്ങച്ചക്കാരായ വിദൂഷകകഥാപാത്രങ്ങൾ മാത്രം. ബാലകൃഷ്ണൻ വെന്നിക്കലിന്റെ പട്ടാളക്കഥകളിലെ കഥാപാത്രങ്ങൾ പാത്രസൃഷ്ടിയിലെ മിഴിവുകൊണ്ട് വ്യക്തിത്വമുള്ളവരാണ്.

ഈ സമാഹാരത്തിലെ കഥകളിൽ ഒരു ചിത്രകാരന്റെ സാന്നിധ്യം വിളിച്ചോതുന്ന മൂന്ന് കഥകളുണ്ട്. ഈ കഥകളിൽ വിശ്വപ്രസിദ്ധനായ ചിത്രകാരൻ വിൻസന്റ് വാൻഗോഗ് മുഴുനീള വേഷമുള്ള അതിഥിതാരമായെത്തുന്നു. വാൻഗോഗിനോട് കഥാകാരന് പ്രതിപത്തിയും അഭിനിവേശവുമുണ്ട് എന്നതിന് ഇതിലെ കഥകൾ സാക്ഷ്യം പറയുന്നു. രവിവർമ്മയും കഥയിൽ പരാമർശിക്കപ്പെടുന്നുണ്ട്. മൈക്കലാഞ്ചലയോ പാബ്ലോ പിക്കാസയോ കെ.സി.എസ്. പണിക്കരോ ചിത്രത്തിൽ വരുന്നില്ല. കഥാകൃത്തിനെ ആഴത്തിൽ സ്വാധീനിച്ചിരിക്കുന്നത് വിൻസന്റ് വാൻഗോഗ് തന്നെ.

കഥ പറയുകയെന്നതാണ് കഥാകാരന്റെ ധർമ്മവും ദൗത്യവും. സ്തുത്യർഹമായ രീതിയിലാണ് കഥാകൃത്ത് രചന നിർവഹിച്ചിരിക്കുന്നത്. ആദ്യകാല കഥാകൃത്തുക്കളെപ്പോലെ ആദിമദ്ധ്യാന്തപ്പൊരുത്തത്തോടെ ആഖ്യാനം നിർവ്വഹിക്കുകയല്ല ബാലകൃഷ്ണൻ ചെയ്യുന്നത്. സാരോപദേശകഥകളുടെ കൃത്രിമത്വം ലവലേശം തൊട്ടുതീണ്ടിയിട്ടില്ല. ആധുനികതയുടെ മുഖമുദ്രയായ ദുർഗ്രഹതയും ഈ കഥകളിലില്ല. കഥകൾക്ക് കാവ്യപരിവേഷം നൽകുന്ന ധ്വനിയുടെ അനന്തസാധ്യതകളെ കഥാകൃത്ത് വിദഗ്ധമായി സന്നിവേശിപ്പിച്ചിരിക്കുന്നു. വരികളിലൂടെയല്ല, വരികൾക്കിടയിലൂടെയാണ് ഇവ വായിക്കപ്പെടേണ്ടത്.

പല കാലങ്ങളിലായി എഴുതപ്പെട്ട കഥകളാണിവ. കഥകൾക്ക് തമ്മിൽ ദശാബ്ദങ്ങളുടെ ദൂരമുണ്ട്. എന്നിട്ടും രചനാരീതിയെ പഴയത്, പുതിയത് എന്നി വിഭജിക്കാനേ ആവുന്നില്ല. അത്രയേറെ ഏകതാനതയാണ് ഈ കഥകളെ സമ്പുഷ്ടമാക്കുന്നത്.

# ആത്മനൊമ്പരങ്ങളുടെ പിന്നാമ്പുറം

**ലാസർ മണലൂർ**


മനുഷ്യസ്നേഹത്തിലും നന്മയിലും അധിഷ്ഠിതമായ ജീവിതാവസ്ഥകളെ ആവിഷ്കരിക്കുന്ന ഏഴു കഥകളാണ് ശ്രീ. കെ.കെ.വി.കുട്ടിയുടെ 'ആത്മനൊമ്പരങ്ങൾ'. സങ്കീർണ്ണമായ ജീവിതമുഹൂർത്തങ്ങളല്ല, തെളിനീരുപോലെ നിർമ്മലമായ സ്നേഹവും, അതിന്റെ വിഹ്വലതകളും സഫലതകളുടെ പരിമിതികളുമാണ് ഈ കഥകളിൽ കാണുക.

ഹൃദയാലുവായ ഒരു സർക്കാരുദ്യോഗസ്ഥനു പല സന്ദർഭങ്ങളിലും അനുഭവപ്പെടാറുള്ള ധർമസങ്കടം 'ആത്മനൊമ്പരങ്ങൾ' എന്ന കഥയിൽ കാണും. നിയമങ്ങളുടെ കുരുക്കുകളിലും മനുഷ്യത്വമില്ലാത്ത വ്യക്തികളുടെ ക്രൂരതയിലും പെട്ട് ഞെരുങ്ങുമ്പോൾ തന്നെ രക്ഷിക്കാൻ അധികാരമുള്ള (എന്ന് വിശ്വസിക്കപ്പെടുന്ന) ഉദ്യോഗസ്ഥന്റെ അടുത്തെത്തുന്നതും അയാൾക്ക് നിർവികാരമായി നിയമം നടത്തേണ്ടിവന്ന നിസഹായാവസ്ഥയും ഇവിടെ കാണാം.

അപരന്റെ ത്യാഗത്തിന്റെ ഫലമായി ഉയർന്ന സ്ഥാനത്തെത്തുകയും ഏണിപ്പടികൾ കേറിക്കഴിഞ്ഞാൽ അതെല്ലാം മറക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പ്രതിനിധിയായി രാഘവൻ നമ്പ്യാരെ കാണാം. (കയ്യെത്തും ദൂരത്ത്) തകഴിയുടെ 'ഏണിപ്പടികൾ' ഓർമയിൽ വരുന്നു. പക്ഷേ സ്വാർത്ഥത മാത്രം മുൻനിർത്തി കയിപ്പോയവനെ നിയതി കോണിപ്പടിയിൽനിന്നു വലിച്ചിടുന്നത് കൗതുകകരം തന്നെ. ഇവിടെ നടപ്പാകുന്ന കാവ്യനീതി എല്ലാ സ്വാർഥമതികൾക്കും ഒരു സൂചനയാണ്.

ആഗ്രഹസാഫല്യത്തിനുവേണ്ടി നീങ്ങുമ്പോൾ വിപരീതാനുഭവം ഉണ്ടാകുന്നത് സാധാരണയാണ്. അത്തരം കഥകൾക്ക് യാതൊരു ക്ഷാമവുമില്ല. പക്ഷേ മനുഷ്യനന്മയിൽ വിശ്വസിക്കുന്ന എഴുത്തുകാരനു ശുഭാപ്തിവിശ്വാസം നില നിൽക്കണമെന്ന ആഗ്രഹമുണ്ട്. മഴമേഘത്തെ പ്രണയിച്ച വേഴാമ്പൽ എന്ന കഥയിൽ ശരിതെറ്റുകളുടെ തിരിച്ചറിവും പശ്ചാത്താപവും ഉൾക്കൊള്ളുന്നു. ഒപ്പം നന്മ കുറ്റിയറ്റുപോയിട്ടില്ലെന്ന സൂചനയും.

നഷ്ടവസന്തങ്ങളുടെയും നഷ്ടപ്രണയത്തിന്റേയും കഥകളാണ് 'മോചനം അകലെ', 'രമേഷ് വിത്ത് രമ' എന്നിവ.






കെ.വി.കെ.കുട്ടി

യുവജനഹൃദയം സ്വതന്ത്രമാണവരുടെ കാവ്യപരിഗ്രഹേച്ഛയിൽ എന്ന ആശാന്റെ വരികൾ ഓർമിപ്പിക്കുന്ന കഥയാണ് 'ഒരു മഴ പോലെ'. പ്രണയസാഫല്യം മുതിർന്ന തലമുറയെ ചവിട്ടിമെതിക്കാതെ നേടിക്കൂടേ എന്ന ചോദ്യം ഇവിടെ ഉയർന്നുവരുന്നു.

വെറുപ്പിന്റേയും സ്വാർത്ഥതയുടേയും പുകമൂടിയ മനസ്സിനെ ശുദ്ധീകരിച്ച് വെൺമയുള്ളതാക്കാനുള്ള സന്ദേശം എല്ലാ കഥകളിലും കാണാം. അതുതന്നെയല്ലേ ഉത്തമ സാഹിത്യത്തിന്റെ ലക്ഷ്യം എന്ന് നമ്മെ ഒരിക്കൽകൂടി ഓർമിപ്പിക്കുന്നു.

# സംസ്ഥാനത്ത് ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയർ നടപ്പാക്കുന്നു

സിനിമയുടെ തിയറ്റർ വരുമാനത്തെ സംബന്ധിച്ച തള്ളലുകൾക്ക് ഇനി അറുതിയാകും. സംസ്ഥാനത്ത് ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയർ നടപ്പാകുന്നതോടെ തിയറ്റർ വരുമാനവും നികുതിവരുമാനവും സുതാര്യമാകും. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സോഫ്റ്റ്‌വെയർ വഴിയാണ് ഇനി ടിക്കറ്റ് വിൽപ്പന നടക്കുക. പ്രതിദിന കളക്ഷൻ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈനായി കൈമാറണം. മറ്റ് സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കരുതെന്നും തദ്ദേശ സ്വയംഭരണവകുപ്പ് ഉത്തരവിട്ടു.

നിർമാതാക്കളെ സംബന്ധിച്ച് ഈ തീരുമാനം ഗുണകരമാണ്. തിയറ്റർ വരുമാനം കൃത്യമായി മനസിലാക്കാൻ ഇതിലൂടെ സാധിക്കും. നൂറു കോടി, ആയിരം കോടി കളക്ട് ചെയ്തു എന്ന വ്യാജപ്രചാരണങ്ങൾക്കും ഇതോടെ അറുതിയാകും. നികുതി തർക്കങ്ങൾ അടക്കമുള്ള വിഷയങ്ങൾ സുതാര്യമായി പരിഹരിക്കപ്പെടാനും ഇതുപകരിക്കും. ഓൺലൈൻ ടിക്കറ്റ് ബുക്കിംഗിൽനിന്നും ഇടനിലക്കാരെ ഒഴിവാക്കുന്നു എന്നത് പ്രേക്ഷകന് ഗുണം ചെയ്യും. ഇടനിലക്കാർ എടുക്കുന്ന കമ്മീഷൻ ഒഴിവായി കിട്ടും.

കേരളത്തിലെ എല്ലാ സിനിമാ തിയറ്ററുകളിലും ഈ സംവിധാനം നടപ്പാക്കുന്നത് വെല്ലുവിളിയാണ്. സോഫ്റ്റ്‌വെയറിന്റെ മെയിന്റനൻസും സപ്പോർട്ടും നിർണായകമാണ്. വീഴ്ച സംഭവിച്ചാൽ, പുതിയ പരിഷ്കാരം കല്ലുകടിയാകും.

## പുതുസിനിമകൾ

ഫഹദ് ഫാസിലും നസ്രിയയും ഒന്നിച്ചഭിനയിക്കുന്ന ട്രാൻസ് ഫെബ്രുവരി രണ്ടാംവാരം പ്രദർശനത്തിനെത്തും. ഇരുവരും വിവാഹശേഷം ഒന്നിച്ചഭിനയിക്കുന്ന ആദ്യചിത്രത്തിന്റെ സംവിധാനം നിർവഹിക്കുന്നത് അൻവർ റഷീദാണ്. പ്രമുഖ ഒഡീസി നർത്തകി ആരുഷി മുഡ്ഗൽ ഈ ചിത്രത്തിലൂടെ അഭിനയരംഗത്ത് അരങ്ങേറ്റം കുറിക്കുന്നു. തിരക്കഥ, സംഭാഷണം-വിൻസെന്റ് വടക്കൻ, റസൂൽ പൂക്കുട്ടിയാണ് ശബ്ദ സംവിധാനം.

സന്തോഷ് വിശ്വനാഥ് സംവിധാനം ചെയ്യുന്ന വൺ എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ബോബി-സഞ്ജയ് ടീമിന്റേതാണ് തിരക്കഥ.

മുഖ്യമന്ത്രിയുടെ പ്രധാന വേഷത്തിൽ മമ്മൂട്ടിയെത്തും. ജോജു ജോർജ്, മുരളി ഗോപി, നിമിഷാ സജയൻ എന്നിവർ മറ്റ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കും. റഷീദ് അഹമ്മദിന്റെ വരികൾക്ക് ഗോപി സുന്ദർ ഈണം നൽകുന്നു.







വി.കെ.പ്രകാശിന്റെ മകൾ കാവ്യപ്രകാശ്, നടി ഷബ്ന മുഹമ്മദ് എന്നിവർ ഒന്നിച്ചൊരുക്കുന്ന ചിത്രമാണ് വാങ്ക്. ഇരുവരും ചേർന്നാണ് ഉണ്ണി ആറിന്റെ വാങ്ക് എന്ന ചെറുകഥക്ക് തിരക്കഥയും സംഭാഷണവും എഴുതിയത്. അനശ്വര രാജനാണ് നായികാ പ്രധാന്യമുള്ള ചിത്രത്തിൽ പ്രധാന വേഷം അവതരിപ്പിക്കുന്നത്. ഗാനരചന- പി.എസ്.റഫീഖ്, സംഗീതം-ഔസേപ്പച്ചൻ.

മറ്റൊരു മമ്മൂട്ടി ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തുവിട്ടു. നവാഗതനായ ജോഫിൻ ടി. ചാക്കോ സംവിധാനം ചെയ്യുന്ന ദി പ്രീസ്റ്റ് എന്ന ചിത്രത്തിന്റെ പോസ്റ്റർ, ഹോളിവുഡ് സിനിമകളെ ഓർമിപ്പിക്കുന്നതാണ്. ഡേവിഡ് കാച്ചപ്പിള്ളിയാണ് നിർമാണം.

പ്രിയനന്ദനന്റെ സൈലൻസർ റിലീസ് ചെയ്തു. വൈശാഖന്റെ ചെറുകഥയെ ആസ്പദമാക്കി പി.എൻ.ഗോപീകൃഷ്ണനാണ് തിരക്കഥയും സംഭാഷണവും രചിച്ചിരിക്കുന്നത്. പ്രിയനന്ദന്റെ മകൻ അശ്വഘോഷനാണ് കാമറാമാൻ. കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്നത് ലാൽ.

# എഴുത്തും കുത്തും





സി. ആർ. രാജൻ

**സാഹിത്യമാസികകളിൽ പ്രസിദ്ധീകരിക്കുന്ന രചനകളെ വിലയിരുത്തുന്ന പംക്തിയാണ് എഴുത്തും കുത്തും. വാരികകളിലും ദ്വൈവാരികകളിലും പ്രകാശിതമാകുന്ന രചനകൾ ഇവിടെ ഉൾപ്പെടുത്തുന്നില്ല. പ്രചാരം വർധിപ്പിക്കുന്നതിനും നിലനിൽപ്പിനും പ്രയാസപ്പെടുന്നവയാണ് മാസികകളിൽ അധികവും. ശ്രദ്ധിക്കപ്പെടേണ്ടുന്ന രചനകൾ ഈ മാസികകളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതേക്കുറിച്ചുള്ള സൂചനകൾ സഹൃദയസമക്ഷം അവതരിപ്പിക്കുകയാണ് ഈ പംക്തിയുടെ ലക്ഷ്യം.**

എം.ടി.വാസുദേവൻ നായരുടെ 'കാലം' പ്രകാശിതമായിട്ട് അമ്പതാണ്ട് തികഞ്ഞു. 1969ൽ പുറത്തിറങ്ങിയ ഈ നോവൽ ഇപ്പോഴും വായിക്കപ്പെടുന്നതിന്റെ പ്രേരണയെന്താണ്? രവീന്ദ്രനാഥ ടാഗോറിനെ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയാൽ, എം.ടി. വാസുദേവൻ നായർ എന്നു കിട്ടുമെന്ന് ശ്രീജിത്ത് പെരുന്തച്ചൻ. എഴുത്തിൽ രണ്ടു പേരുടെയും ആന്തരികമായ ഋഷിഭാവത്തെ മാത്രം ആസ്പദിച്ചാണ് ഈ വിലയിരുത്തലെന്നും ശ്രീജിത്ത്.

എം.ടിയുടെ പല കൃതികളും പര്യവസാനിക്കുന്നിടത്തുകൂടി ഒന്നു കടന്നുപോകാം. രണ്ടാമൂഴം, കാലം, വിലാപയാത്ര, അസുരവിത്ത്, വാരാണസി എന്നീ കൃതികളുടെയൊക്കെ അവസാന വാക്യം യാത്രയെക്കുറിച്ചാണ്. ഈ യാത്ര അവസാനിക്കുന്നില്ല, യാത്ര പറയുന്നില്ല വീണ്ടും വരും എന്നൊക്കെയാണ് എംടി കഥ പറഞ്ഞുനിറുത്തുന്നത്. 'കാല'ത്തിന്റെ 2 ഖണ്ഡികകൾ പ്രകൃതിയെക്കുറിച്ചാണ്. അവിടെ കഥാപാത്രങ്ങളില്ല. എങ്കിലും അത് നോവലിന്റെ അവിഭാജ്യഘടകമായി മാറുന്നു.

ടാഗോറിന്റെ ഗീതാഞ്ജലിയിലെ ആദ്യ ഗീതങ്ങളെ 'കാല'ത്തിന്റെ ഈ അടരുകളുമായി ചേർത്തു വായിക്കുക. 'മഞ്ഞി'ലെ ആദ്യ അധ്യായം മുതൽ വ്യാപിച്ചുകിടക്കുന്ന ഒരു പൊതുമണ്ഡലമാണ്, അതിന് ഗീതാഞ്ജലിയുമായി കൽപ്പിക്കപ്പെടാവുന്ന സാത്മീഭാവം.



എം. ടി. വാസുദേവൻനായർ



ബിച്ചു തിരുമല

ഗ്രാമീണജീവിതവും നാഗരികജീവിതവും 'കാല'ത്തിലെ സേതു അനുഭവിക്കുന്നിടത്ത് രചനയിൽ പ്രകടമായ വിശേഷ രൂപകങ്ങൾ 'കാല'ത്തെ എക്കാലത്തും വായനക്കു പ്രേരിപ്പിക്കുന്ന ഘടകങ്ങളിൽ ഉൾപ്പെടുന്നുണ്ടെന്നും ശ്രീജിത്ത് പെരുന്തച്ചൻ. 'കലാപൂർണ്ണ' ജനുവരി ലക്കത്തിലാണ് ശ്രീജിത്തിന്റെ ലേഖനം.

നീതിന്യായത്തിലെ അനീതിയും അന്യായവും, രണ്ടുതരം നീതി, ഭാരതീയ നൈതികത തുടങ്ങിയ പരസ്പര പൂരകങ്ങളായ വിഷയങ്ങളിൽ ഫോക്കസ് കൊടുത്താണ് 'എഴുത്ത്' മാസികയുടെ ജനുവരി ലക്കം പ്രകാശിതമായത്. ജസ്റ്റീസ് കെ. അബ്രഹാം മാത്യു, ജസ്റ്റീസ് ഡാനിയേൽ പാപ്പച്ചൻ, ഡോ. കെ.ബാബു ജോസഫ് എന്നിവരാണ് ഈ വിഷയത്തിൽ സംവദിക്കുന്നത്.

ഭരണഘടന നമുക്ക് വിശുദ്ധമാണ്. അവസാനതുള്ളി രക്തംകൊണ്ടും ഭരണഘടനയെ സംരക്ഷിക്കാൻ നാം പ്രതിജ്ഞാബദ്ധരാണെന്ന ഡോ. അംബേദ്കറുടെ നിലപാട് വിശദീകരിക്കുന്ന ലേഖനം 'എഴുത്ത്' മാസികയിലുണ്ട്. എഴുതിയത് സെഡ്രിക്ക് പ്രകാശ്.

ചലച്ചിത്ര ഗാനശാഖയിൽ 50-ാം വർഷത്തിലൂടെ കടന്നുപോകുകയാണ് ബിച്ചു തിരുമല. കർണാനന്ദകരങ്ങളായ ഗാനങ്ങൾ ഹൃത്തടത്തിൽ പതിപ്പിക്കുന്ന വരികൾ രചിച്ച ബിച്ചു തിരുമലുയടെ രചനാജീവിതം 'സാംസ്കാരിക കലമദളം' മാസിക അനാവരണം ചെയ്തിരിക്കുന്നു. 'നക്ഷത്രദീപങ്ങൾ തിളങ്ങി' എന്ന ലേഖനത്തിന്റെ രചയിതാവ് ടി.എം.സുരേഷ്കുമാർ.

കവിതകളാൽ സമ്പന്ന


മാണ് 'കലാപൂർണ്ണ' ജനുവരി ലക്കം. മുതിരൽ – രാജൻ സി.എച്ച്, ഒരു പുഴുവിന്റെ ആത്മകഥ – എം.ചന്ദ്രപ്രകാശ്, പ്രളയം – സുകുമാർ അണ്ടലൂർ, ഒറ്റത്തടിമരം – കുഞ്ഞപ്പ പട്ടാനൂർ, തൊഴുത്തു മൃഗങ്ങളുടെ സാമ്രാജ്യം – പി.കെ.ഗോപി, കുപ്പിവളകൾ – രാവുണ്ണി, ക്ഷണം – കെ.സതീഷ്, അനന്തരം പരിണാമം – സംഗീത ചേനംപുല്ലി, വീടിനു വിഷാദത്തിനുമിടയിലൊരുവൾ – സന്ധ്യ ഇ. എന്നിങ്ങനെ കവിതാ സദ്യ ഒരുക്കിയിട്ടുണ്ട് 'കലാപൂർണ്ണ'. എം. രാജീവ്കുമാർ, ബൃന്ദ, വി.ബി.ജ്യോതി രാജ് എന്നിവരുടെ കഥകളും പുതിയ ലക്കത്തിലുണ്ട്.



**കെ.പി.ശങ്കരൻ**



**കൈതപ്രം**




**വി.കെ.ശ്രീരാമൻ**

വിപ്ലവത്തിന്റെ വീറുമായാണല്ലോ കേശവദേവിന്റെ അരങ്ങേറ്റം. തന്റെ അനശ്വരകൃതിയായ 'ഓടയിൽ നിന്നിലെ' പപ്പുവിന്റെ കൗമാരത്തിൽ ഈ പ്രവണത പ്രതിഫലിക്കുന്നുണ്ട്. വിസ്മയാവഹമായ രീതിയിലാണ് പിൽക്കാലത്ത് പപ്പുവിൽ സമയവും ദാർശനികതയും പാകപ്പെടുന്നത്. കേശവദേവിന്റെ 'കൂൾ ഡ്രിംഗ്' എന്ന കഥയാണ് കെ.പി.ശങ്കരൻ ഒറ്റക്കഥാപഠനത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്. ദേവിന്റെ ജീവിതം പരാമർശിക്കാതെ, രചനയുടെ സൗകുമാര്യം കണ്ടെത്തുകയാണ് കെ.പി.ശങ്കരൻ ഈ പഠനലേഖനത്തിൽ. 'കലാപൂർണ്ണ'യിലാണ് ലേഖനം.

കൈതപ്രം ദാമോദരൻ നമ്പൂതിരിയുമായി മിനീഷ് മുഴുപ്പിലങ്ങാട് നടത്തിയ അഭിമുഖം 'എഴുത്ത്' മാസികയിലുണ്ട്. 'ചൈത്രനിലാവിന്റെ പൊൻപീലികൾ' എന്ന തലക്കെട്ടുതന്നെ, ലേഖനം ആരെ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുന്നതാണ്. ശ്രോതാക്കളുടെ കാതുകളിൽ പുതുമഴപോലെ പെയ്തിറങ്ങുന്ന ഗാനങ്ങളിലൂടെ ചന്ദ്രികാവസന്തം തീർത്ത പ്രതിഭാധനനായ കൈതപ്രത്തെ നമുക്കാ അഭിമുഖത്തിൽ കാണാനാകും.



**കേശവദേവ്**



**നരേന്ദ്രപ്രസാദ്**



**പ്രിയ എ.എസ്.**

വിജയദശമിയുമായി ബന്ധപ്പെട്ട കന്നടനാട്ടിലെ ഉത്സവം ലളിത രചനാശൈലിയിൽ വിവരിക്കുന്ന ഒരു ലേഖനം 'സാംസ്കാരിക കമലദളം' മാസികയിലുണ്ട്. സുലോചന കുരുവിക്കോണം ആണ് രചയിതാവ്. ഷൊർണൂർ കാർത്തികേയന്റെ ശ്രീലങ്കൻ യാത്രാവിവരണവും മാസികയിലുണ്ട്.

മാധവൻ പുറച്ചേരി, പി.ടി. ബിനു, രാജേഷ് നന്ദിയംകോട്, അജിത്രി എന്നിവരുടെ രചനയിൽ പിറന്ന നല്ല കവിതകൾ 'എഴുത്ത്' മാസികയെ വായനാസമ്പന്നമാക്കുന്നു. പ്രിയ എ.എസ്, വി.കെ.ശ്രീരാമൻ, ജോർജ് ജോസഫ് കെ, രോഷ്നി സ്വപ്ന, വൈക്കം മുരളി, കെ.പി.രമേഷ്, ടി.ജെ.ജ്യോതിലാൽ, സി.ഗണേഷ് എന്നിവർ വിവിധ വിഷയങ്ങളിൽ അവലോകന ലേഖനങ്ങൾ 'എഴുത്തി'ൽ എഴുതിയിട്ടുണ്ട്.

16 വർഷം മുമ്പ് അരങ്ങൊഴിഞ്ഞ നരേന്ദ്രപ്രസാദിനെ ഓർമിക്കുന്ന മധു ഇറവങ്കര, കർമകാണ്ഡത്തിന്റെ സാഫല്യമായിരുന്നു നരേന്ദ്രപ്രസാദിന്റെ ജീവിതമെന്ന് തെളിവ് നിരത്തുന്നു. അധ്യാപകൻ, നോവലിസ്റ്റ്, സാഹിത്യനിരൂപകൻ, സാമൂഹിക വിമർശകർ, ചിന്തകൻ, വാഗ്മി, നാടകകൃത്ത്, നാടക സംവിധായകൻ, ചലച്ചിത്രനടൻ എന്നിങ്ങനെ വൈവിധ്യമാർന്ന എന്തെന്ത് വേഷങ്ങളാടിതീർത്താണ് അദ്ദേഹം കടന്നുപോയത്! അതിർവരമ്പുകളില്ലാത്ത സ്നേഹവും സൗഹൃദവും പകുത്തുനൽകുന്നതിൽ പിശുക്കു കാട്ടാത്തവരാണ് ആ നിഷേധി എന്നും മധു ഇറവങ്കരയുടെ സ്മരണ. ലേഖനം 'കലാപൂർണ്ണ'യിൽ.